


ക്രിസ്ത്യാനികളുടെ സഹായമേ! ഞങ്ങൾക്കവേണ്ടി
അപേക്ഷിക്കണമേ.

കർമ്മല കുസുമം.

പുസ്തകം ൩.) മെയ് (ലക്കം ൫.

# മേമാസകീർത്തനം.

(ശ്രീമാൻ വി. എക്സ്. ചെറിയാൻ കടപ്ളാമററം.)

ചെഞ്ചുരുട്ടി "കേട്ടതുളാനന്ദമേ" എന്ന മട്ട്. ആദിതാളം.

1. വിഷ്ടപനായികയേ! - രക്ഷകനംബികയേ!
ഇക്ഷിതിപാലകയേ!—ഭക്തവത്സലേ! അക്ഷയമോക്ഷവഴിയേ!
2. ഭൂമകൾതോറും നിന്റെ—ഓമനച്ചേവടികൾ—
കാമയമേശിടാതെന്നും—താങ്ങീടുന്നല്ലൊ? കോമളരൂപനേണാങ്കൻ
3. നന്മയലങ്കരിക്കും—ജന്മമലംകുറഞ്ഞും
പെൺമണിയെന്ന നിതരാ! ഭാഗ്യസംപൂർണ്ണേ! നിർമ്മലകർമ്മേലനാഥേ!
4. സമ്മോദമായ് ലസിക്കും—നന്മകളാസ്വദിക്കും
അമ്മേ! കന്മഷഹീനയേ! പാഹിമാംദേവി! ദേവമ്മശ്ശുദ്ധാത്മാവിൻ പ്രിയേ!
5. നിത്യകല്യാണദേവൻ!—സത്യസഭാമണാളൻ!
സത്യസ്വരൂപി, നിൻപുത്രനായ്—ജാതനാകയാ—ലെത്രയോ പൂജനീയനീ.
6. നിന്മകനോടിരന്നു—തിന്മകളോടകന്ന
നിന്മകനാമിവൻഭൃത്യനേ—വാഴുവാൻസദാ—മന്മനഃശുദ്ധി—നൽകണേ.

# പ്രസാധകക്കുറിപ്പുകൾ.

## മേമാസപ്രാർത്ഥന.

പരിശുദ്ധ ദൈവമാതാവേ! വരപ്രസാദത്തിന്റെ നാഥേ! കത്തോലിക്കാലോകമാസകലം പ്രത്യേകവിധമായി നിന്നെക്കൊണ്ടാടുന്ന ഈ മാസത്തിൽ നിന്റെ വരപ്രസാദഭണ്ഡാരം തുറന്നു ധാരാളമായ ദൈവദാനങ്ങൾ ലോകത്തിന്റെ മേൽ വർഷിക്കണമെ! പ്രിയ അമ്മെ! നിന്റെ തിരുക്കുമാരന്റെ രാജ്യഭരണം സർവ്വത്ര വ്യാപിപ്പാൻ കൃപ്ചെയ്യുക. അന്ധകാരപ്രഭുവിന്റെയും അവന്റെ ദൂതന്മാരുടെയും വാഴ്ച നിർമ്മൂലമാകട്ടെ. ദൈവസ്നേഹവും പരസ്നേഹവും മനുഷ്യഹൃദയങ്ങളിൽ ആധിപത്യം പ്രാപിക്കട്ടെ. ദ്രവ്യാഗ്രഹവും സുഖഭോഗേച്ഛയും, അസൂയയും അഹങ്കാരവും, ക്രിസ്തീയാത്മാക്കളിൽ നിന്നു പായിച്ചുകളയുക. അനുഗ്രമുള്ള മാതാവേ! കേരളത്തിന്റെ മേൽ നിന്റെ കണ്ണുകളെ പ്രധാനമായി തിരിക്കുക. സത്യസഭയിൽ നിന്നു വഴിതെററി അജ്ഞതയുടെ ഊടുവഴികളിൽ ഉഴന്നുനടക്കുന്ന നിന്റെ മക്കളേ ഈ മാസത്തിൽ നീ പ്രത്യേകം കടാ

ക്ഷിക്കണമെന്ന എളിമയോടെ ഞങ്ങൾ അപേക്ഷിക്കുന്നു. സ്വർഗ്ഗരാജ്യത്തിൽ ഞങ്ങൾ എല്ലാവരും വന്നുചേരുന്നതുവരെ നിന്റെ മാതൃകടാക്ഷം ഞങ്ങളിൽനിന്നു നീ എടുത്തുകളയരുതേ. ആമ്മേൻ

## ദിവ്യരക്ഷകന്റെ സ്വർഗ്ഗാരോഹണം.

ഈമാസം 17-ാംനു- വ്യാഴാഴ്ച നമ്മുടെ ദിവ്യരക്ഷകന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ ആഘോഷിക്കപ്പെടുന്നു. പുനരുത്ഥാനശേഷം നാല്പതുദിവസം തന്റെ ശിഷ്യന്മാരെ ആശ്വസിപ്പിക്കയും, സ്ഥിരീകരിക്കയും ചെയ്തുകൊണ്ടു ഈ ലോകത്തിൽ തന്നെ കഴിച്ചുകൂട്ടിയ പിമ്പ്, ഒലിവേത്തുമലയിൽ ശിഷ്യജനങ്ങളെല്ലാം ഒന്നിച്ചുകൂടി നില്ക്കയിൽ അവരേ ആശീർവ്വദിച്ചിട്ടു ദിവ്യഗുരു സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്കയാണുണ്ടായതു്. രക്ഷനാഥൻ അപ്രത്യക്ഷനായി ഭവിച്ചപ്പോൾ നിരാശരായി മുകളിലേക്കു നോക്കിക്കൊണ്ടു നിന്ന ശിഷ്യന്മാരോടു ഒരു ദൈവദൂതൻ കാണപ്പെട്ടു അരുളിച്ചെയ്ത വചനങ്ങൾ നാം എപ്പോഴും അനുസ്മരിക്കേണ്ടതാണ്. സ്വർഗ്ഗത്തിലേക്കു എഴുന്നള്ളിപ്പോയതുപോലെ മഹത്വത്തോടെ ദൈവപുത്രൻ വീണ്ടും ഒരുദിവസം വരാനിരിക്കുന്ന സംഗതിയത്രേ മാലാഖാ അവരോടറിയിച്ചതു്. അതേ, പൊതുവിധിദിവസത്തിൽ കർത്താവു വരാനിരിക്കുന്നു. വി. തോമ്മാസ് അക്വിനാസ് അഭിപ്രായപ്പെടുന്നതുപോലെ ആ വരവിനെ പ്രതിദിനം സ്മരിച്ചുകൊണ്ടു ജീവിക്കുമെങ്കിൽ നമുക്കു ഭാഗ്യം.

## പന്തക്കുസ്താ തിരുനാൾ.

ഈ മാസം 27-ാംനു- ഞായറാഴ്ചയാണു പന്തക്കുസ്താ തിരുനാൾ ആഘോഷിക്കപ്പെടുന്നതു്. പരിശുദ്ധാത്മാവിനെ കൈക്കൊണ്ടശേഷം ശ്ലീഹന്മാരിൽ ഉണ്ടായമാററം ഈ ദിവസത്തിൽ നമ്മുടെ പ്രത്യേക ചിന്തയ്ക്കു വിഷയമാകേണ്ടതാണ്. ഭീരുക്കളും അസ്ഥിരചിത്തന്മാരുമായിരുന്ന ആ പാവപ്പെട്ട മീൻപിടുത്തക്കാർ സെഹിയോൻ മന്ദിരത്തിൽനിന്നു പുറത്തു വന്നപ്പോഴത്തെ മാററം യൂദന്മാരെ അത്ഭുതപരതന്ത്രരാക്കിക്കളഞ്ഞു. മുമ്പിലത്തെ ഒപ്പുശുമാ എന്ന കൂദാശയിൽ പരിശുദ്ധാത്മാവിനെ കൈക്കൊണ്ടശേഷം ക്രിസ്തീയ ആത്മാവിലും ഉണ്ടാകുന്നമാററം ഇതുതന്നെയാണ്. നാനാവിധ തന്ത്രങ്ങളുടെ ഇടയിൽ വിശ്വാസസ്ഥിരതയോടുകൂടെ നില്ക്കുന്നതിനും, വേണ്ടിവന്നാൽ സത്യവിശ്വാസത്തിനുവേണ്ടി പ്രാണനെ തന്നെയും ബലികഴിപ്പാനും ധൈര്യം നൽകുന്നതു ആശ്വാസപ്രദനായ ഈ പരിശുദ്ധാരൂപിയാകുന്നു. ഈ ദിവ്യാരൂപിയുടെ സഹായംകൂടാതെ യാതൊരു നന്മപ്രവൃത്തിയും ചെയ്യുന്നതിനു മനുഷ്യനു സാധിക്കാത്തതുകൊണ്ടത്രെ നമ്മുടെ എല്ലാ കൃത്യങ്ങളിലും റൂഹാദക്കുദശായുടെ സഹായം അപേക്ഷിക്കുന്നതിനു തിരുസഭ നമ്മെ പഠിപ്പിക്കുന്നതു്.

## കോൺഗ്രസ് എവിടെ?

ഇക്കൊല്ലത്തെ കെ. സി. സി. എ. വാർഷികസമ്മേളനം തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ തൃശ്ശിവപേരൂർവച്ചു ആഡംബരപൂർവ്വം കഴിഞ്ഞുകൂടിയിരിക്കുന്നു. എം. സി. എസ്. എൽ. ചങ്ങനാശ്ശേരിയിൽവച്ചും നടക്കുന്നതാണെന്നറിയുന്നു. കോൺഗ്രസ്സിന്റെ കാര്യത്തെപ്പററിയാകട്ടെ ഇതേവരെ ഒരു സ്വരവും കേൾക്കുന്നില്ല. കഴിഞ്ഞകൊല്ലത്തെ പ്രമേയങ്ങൾ എഴുതിയ കടലാസും മഷിയും നഷ്ടപ്പെട്ടു എന്നല്ലാതെ, കോൺഗ്രസ്സ് പന്തലിൽ നിന്നിറങ്ങിയതിൽപ്പിന്നെ അവയേപ്പററി ആരും ചിന്തിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഈഴവരുടെ എസ്. എൻ. ഡി. പി. സംഘടനകളും മററും എത്ര ഊർജ്ജിതത്തിൽ നടക്കുന്നു. മേടമാസാവസാനത്തിൽ അവരുടെ വാർഷികസമ്മേളനവും ആഘോഷിക്കപ്പെടുന്നതാണ്. ഇതൊക്കെ കണ്ടിട്ടെങ്കിലും ഒരുണർച്ചയുണ്ടോ? അതുമില്ല. കത്തോലിക്ക സ്ഥാനാർത്ഥികൾ തമ്മിൽതല്ലി സമുദായത്തിന്റെ ധനവും, സമുദായത്തിന്റെ സമാധാനവും, സമുദായത്തിന്റെ സല്കീർത്തിയും നശിപ്പിക്കുന്നു. ആരുകാരണം? എല്ലാവരും നാഥന്മാർ, ചോദിക്കാൻ ആരുമില്ലതാനും. ഇതൊന്നും ചിന്താവിഷയമാകേണ്ടതല്ലെന്നോ?

# നാല്പതുമണിയാരാധന.

(റവ. ഫാദർ വില്യം റ്റി. ഒ. സി. ഡി. എം. ഏ. എൽ. റ്റി.)

വിശുദ്ധ കുർബാന പരസ്യമായി സ്ഥാപിച്ചു നാല്പതുമണിക്കൂർ തുടർച്ചയായി നടത്തുന്ന ഭക്തകൃത്യത്തിനാണു നാല്പതുമണിയാരാധന എന്നപേർ. നമ്മുടെ ദിവ്യരക്ഷകൻെറ തിരുമേനി നാല്പതുമണിക്കൂർനേരം കല്ലറയിൽ ഇരുന്നതിൻെറ സ്മാരകമായി ഏകദേശം പതിമൂന്നാം ശതാബ്ദം മുതൽ വിശുദ്ധ വാരത്തിൽ നാല്പതുമണിക്കൂർനേരം വിശുദ്ധ കുർബാന ഒരു "കബറി"ൽ സ്ഥാപിച്ചു തുടർച്ചയായി പ്രാർത്ഥനകൾ നടത്തുന്ന മുറ ആരംഭിച്ചു. ഈ സുകൃതാഭ്യാസത്തിനു ദൽമാഷ്യായിലെ സാരാ മുതലായ സ്ഥലങ്ങളിൽ നാല്പതുമണിപ്രാർത്ഥനയെന്ന പേരു നടപ്പായിരുന്നു. ഏതെങ്കിലും പ്രത്യേക ദിവസങ്ങളിലും നാല്പതുമണി പ്രാർത്ഥന നടത്തുന്നതു പ്രയോജനകരമാണെന്നുള്ള ഒരു ധാരണയും ക്രമേണയുണ്ടായതിനാൽ വലിയനോമ്പാരംഭിക്കുന്നതിനു മുമ്പുള്ള "കാർണിവൽ" എന്ന ദിവസങ്ങളിൽ നാല്പതുമണി പ്രാർത്ഥന ചിലർ നടത്തിത്തുടങ്ങി. കാർണിവൽ ദിവസങ്ങൾ ഈ നാട്ടിലെ "പേത്രുത്താ"ക്കു സമമായിരുന്നു എന്നുപറഞ്ഞാൽ പ്രസ്തുതദിവസങ്ങളിൽ പ്രത്യേക പ്രാർത്ഥന നടത്തേണ്ടിവന്നതിൻെറ ആവശ്യകത സ്പഷ്ടമാകുമല്ലൊ. മച്ചെരാത്തം എന്ന സ്ഥലത്തു 1548 മുതൽ മനാരെ എന്ന വൈദികൻ "കാർണിവൽ" ദിവസങ്ങളിൽ നാല്പതുമണി അരാധന പതിവായി നടത്തിവന്നിരുന്നതായിക്കാണുന്നു.

ഇതിനു പല വത്സരങ്ങൾക്കു മുമ്പുതന്നേ നാല്പതുമണി ആരാധന മിലാനിൽ ഏർപ്പെടുത്തിയിരുന്നതായി ചരിത്രസാക്ഷ്യങ്ങൾ ധാരാളമുണ്ട്. 1537 മേയ് മാസംമുതൽ മിലാൻപട്ടണത്തിലെ ദേവാലയങ്ങളിൽ ഒന്നിനുശേഷം ഒന്നിലായി വിശുദ്ധ കുർബാന പരസ്യമായി സ്ഥാപിച്ചു പ്രാർത്ഥന നടത്തുന്ന ഒരു പുതിയസമ്പ്രദായം ആരംഭിച്ചതായി ബുറിഗോസ്സാ എന്ന നാളാഗമക്കാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. നാല്പതുമണി ആരാധന നടത്തിയ ദേവാലയങ്ങളുടെ പട്ടികയും ഇദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ കാണുന്നു. ഉദ്ദേശം രണ്ടുകൊല്ലങ്ങളുടെ ശേഷം നാല്പതുമണി ആരാധനയിൽ സംബന്ധിക്കുന്നവർക്കു ദണ്ഡവിമോചനങ്ങൾ കല്പിക്കുന്നതായി മൂന്നാം പൌലോസ് എന്ന മാർപ്പാപ്പായുടെ ഒരു തിരുവെഴുത്തു കാണുന്നുണ്ട്. ഈ ഭക്ത്യാചാരത്തെ നമ്മുടെ അധികാരത്താൽ അംഗീകരിച്ചു ഉറപ്പിക്കയും ഇതിനെ നിർവ്വഹിക്കുന്നവർക്കു ദണ്ഡവിമോചനങ്ങൾ കല്പിക്കയും ചെയ്യുന്നു എന്നും മറ്റുമാണു ഇതിൽ പ്രസ്താവിച്ചിരിക്കുന്നതു്. ക്രിസ്ത്യാനികളുടെ അക്രമങ്ങൾനിമിത്തം ജ്വലിച്ചിരിക്കുന്ന ദൈവകോപാഗ്നി ശമിക്കുന്നതിനും, ക്രിസ്തീയമതത്തേപ്പോലും നാമാവശേഷമാക്കണമെന്നു കരുതലോടുകൂടെ യൂറോപ്പിനെ അക്രമിക്കുന്നതിനു വട്ടംകൂട്ടിയിരുന്ന തുർക്കികളുടെ ഭയാനകമായ സേനാശക്തി ക്ഷയിക്കുന്നതിനും മറ്റുമായി മിലാനിലെ ജനങ്ങളുടെ ആഗ്രഹാനുസരണം ആ പട്ടണത്തിലെ മെത്രാപ്പോലീത്തായുടെ വികാരിജനറാൾ മിലാനിലെ പള്ളികളിലെല്ലാം ഒന്നിനുശേഷം ഒന്നിലായി നാല്പതുമണിക്കൂർനേരം നമ്മുടെ കർത്താവിൻെറ ഏററം പരിശുദ്ധ തിരുശ്ശരീരസന്നിധിയിൽ വിശ്വാസികൾ മാറിമാറി പ്രാർത്ഥന നടത്തുക എന്ന ഭക്തമുറ ആരംഭിച്ചു.

കാലാന്തരത്തിൽ നാല്പതുമണിആരാധന യൂറോപ്പിൽ പലരാജ്യങ്ങളിലും പ്രചരിച്ചുതുടങ്ങി. വി. ഫീലിപ്പോസ് നേരി, വി. ഇഗ്നാസിയോസ് ലൊയോളാ, സല്യൂസ്സോയിലെ മെത്രാനായിരുന്ന വന്ദ്യനായ യുവെനൽ അഞ്ചീനാ ആദിയായ വിശുദ്ധർ നാല്പ

തുമണി ആരാധന പ്രചരിപ്പിക്കുന്നതിൽ വലിയ ഉത്സാഹികളായിരുന്നു. 1592 ൽ തിരുസഭയെ ഭരിച്ചിരുന്ന 8-ാം ക്ലെമെൻറ് എന്ന മാർപ്പാപ്പാ റോമ്മാപട്ടണത്തിൽ നാല്പതുമണി ആരാധന നടത്തുന്നതിനുപദേശിക്കുന്നതായ ഒരു തിരുവെഴുത്തു പരസ്യംചെയ്തു. ഇതിൽ ക്രിസ്തീയരാജാക്കന്മാരുടെയിടയിൽ സമാധാനമുണ്ടാകുന്നതിനും, നമ്മുടെ ശത്രുക്കളായ തുർക്കികളുടെ ശക്തി ദൈവത്തിൻെറ വലത്തേ തൃക്കരത്താൽ ജയിക്കപ്പെടുന്നതിനും ഫ്രാൻസുരാജ്യം അഭിവൃദ്ധിപ്പെട്ടുവരുന്നതിനും വേണ്ടി പ്രാർത്ഥിക്കണമെന്നും പ്രത്യേകിച്ചു ആജ്ഞാപിച്ചിട്ടുണ്ടു്.

നാല്പതുമണി ആരാധന എല്ലാസ്ഥലങ്ങളിലും പ്രചരിച്ചതിനോടെ ഈ കർമ്മം നിർവ്വഹിക്കുന്നതിനുള്ള നിയമങ്ങൾ നിർണ്ണയിക്കേണ്ട ആവശ്യം നേരിട്ടു. ൧൭൩൧-ൽ ൧൨-ാം ക്ലെമെൻറു മാർപ്പാപ്പാ നാല്പതുമണി ആരാധന സംബന്ധിച്ചു വളരെ വിദശമായ നിയമങ്ങൾ പരസ്യം ചെയ്തു. ഈ നിയമങ്ങളെ വ്യാഖ്യാനിച്ചു തിരുകർമ്മ വിദഗ്ദ്ധനായ ഗർഡെനീല്ലി ഒരു കൃതി രചിച്ചിട്ടുണ്ടു. ഈ ദിവ്യകർമ്മം ദിവ്യരക്ഷകനോടു പ്രാർത്ഥിക്കുന്നതിനായിട്ടുള്ളതാണെന്നു പ്രത്യേകം അനുസ്മരിക്കേണ്ടതാകുന്നു. ദേവാലയവും പരിസരങ്ങളും ഈ ദിവസങ്ങളിൽ അവിടെ എഴുന്നെള്ളുന്ന ശ്രേഷ്ഠാതിഥിക്കു യോഗ്യമായവയായിരിക്കണമെന്നു പ്രത്യേക നിബന്ധനകളുണ്ടു്. പള്ളിവാതുക്കൽ തിരശ്ശീലകളിട്ടു മറക്കണമെന്നും പള്ളിമുററത്തു കച്ചവടക്കാർ, യാചകന്മാർ ആദിയായവർ ഇരുന്നുകൂടെന്നും കണിശമായ നിബന്ധന ചെയ്തിരിക്കുന്നു. ഈ ദിവ്യകർമ്മത്തിൽ സംബന്ധിക്കുന്ന വിശ്വാസികൾക്കു അന്യ ചിന്തക്കു കാരണമായേക്കാമെന്നുള്ളതെല്ലാം നീക്കണമെന്നു നിർബന്ധമാണ്.

നാല്പതുമണി ആരാധന സാമാന്യം നടത്തിവരുന്ന മുറക്കുടെ ചുരുക്കത്തിൽ വിവരിക്കാം. ആരംഭദിവസത്തിൽ നിശ്ചിതനേരത്തു ആഘോഷപൂർവ്വം പാട്ടുകുർബ്ബാന പാടുന്നു. ഈ പാട്ടുകുർബ്ബാനയുടെ അവസാനത്തിൽ വി. കുർബ്ബാനയുടെ ഒരു പ്രദക്ഷിണം കഴിക്കുന്നു. ഈ പ്രദക്ഷിണം ദേവാലയത്തിനു പുറത്തു നടത്തിക്കൂടാ എന്നു നിയമമുണ്ടു്. വി. കുർബ്ബാനയുടെ തിരുനാളിലെ പ്രദക്ഷിണനേരത്തു പല "കപ്പേള"കളിലും വെച്ചു ദിവ്യകാരുണ്യാശീർവ്വാദം നൽകുന്നതുപോലെ ഈ പ്രദക്ഷിണനേരത്തു ചെയ്തുകൂടാ. പ്രദക്ഷിണം മടങ്ങി പ്രധാനപീഠത്തിങ്കൽ വരുമ്പോൾ ഒരു വൈദികൻ വി. കുർബ്ബാന പ്രത്യേകമായി തയ്യാർചെയ്തിട്ടുള്ള സിംഹാസനത്തിൽ സ്ഥാപിക്കയും ഗായകസംഘം അപ്പോൾ "കൊല്ലൻ ദശ്നേ" എന്നാരംഭിക്കുന്ന സ്തോത്രഗീതം പാടുകയും ചെയ്യുന്നു. ഈ സ്തോത്രഗീതം പാടിത്തീർന്നാലുടനേ സകല വിശുദ്ധരുടെ ലുത്തിനിയാ പാടുന്നു. ലുത്തിനിയായുടെ അവസാനത്തിൽ ഈ അവസരത്തിലേയ്ക്കു നിശ്ചയിച്ചിട്ടുള്ള പ്രത്യേക പ്രാർത്ഥനകൾ കാർമ്മികൻ പാടി തിരുകർമ്മങ്ങൾ അവസാനിപ്പിക്കുന്നു. ഇതിൻെറ ശേഷം വിശ്വാസികളും വൈദികർ ധാരാളമുള്ള പള്ളികളിൽ വൈദികരും മാറിമാറി വി. കുർബ്ബാനയുടെ സന്നിധിയിൽ ആരാധന നടത്തുന്നു. ഈ ആരാധനസമയങ്ങളിൽ കഴിയുന്നതും മൗനമായി പ്രാർത്ഥിക്കേണ്ടതാണ്. എങ്കിലും പലക്കു വേണ്ടി ഒരാൾ ഉച്ചത്തിൽ ഏതെങ്കിലും ജപം ചൊല്ലുന്നതോ ഭക്തിസംവർദ്ധകങ്ങളായ ഗീതങ്ങൾ പാടുന്നതോ വളരെ നല്ലതാണ്. രാത്രിയിൽ ഒരു നിശ്ചിതനേരത്തു ഒരു വൈദികൻ തിരുവസ്ത്രങ്ങൾ ധരിച്ചു വി. കുർബ്ബാനക്കു ധൂപം സമർപ്പിച്ചശേഷം വി. കുർബ്ബാന എടുത്തു സക്രാരിയിൽ സ്ഥാപിച്ചു അതു പൂട്ടുന്നു.

### രണ്ടാം ദിവസം.

അതിരാവിലെ വി. കുർബ്ബാന പ്രത്യക്ഷമായി സ്ഥാപിക്കുന്നു. ഈ ദിവസം സമാധാനത്തിനായുള്ള നേർച്ചക്കുർബ്ബാന പാടണം എന്നു നിയമമുണ്ടു്. എന്നാൽ ഈ കുർബ്ബാന നിവൃത്തിയുണ്ടെങ്കിൽ വി. കുർബ്ബാന പ്രത്യക്ഷമായി സ്ഥാപിച്ചിരിക്കുന്ന പീഠത്തിൽ ആയിക്കൂടാ എന്നാണ് നിയമം. ഈ ദിവസ

വും രാത്രിയിൽ നിശ്ചിതനേരത്തു ആദ്യദിവസം ചെയ്തപോലെ വി. കുർബ്ബാന സക്രാരിയിൽ സ്ഥാപിക്കുന്നു.

മൂന്നാം ദിവസം.

രണ്ടാം ദിവസം പ്രത്യക്ഷമായി സ്ഥാപിച്ചപോലെ ഇന്നും പ്രത്യക്ഷസ്ഥാപനം നടത്തുന്നു. ഒന്നാം ദിവസത്തിൽ നടത്തിയപോലെ ആഘോഷമായ പാട്ടുകുർബ്ബാന പാടിയശേഷം വിശുദ്ധന്മാരുടെ ലുത്തിനിയായും പാടുന്നു. ലുത്തിനിയാ പാടിക്കഴിഞ്ഞു വി. കുർബ്ബാനയുടെ പ്രദക്ഷിണം ആദ്യദിവസം നടത്തിയതുപോലെതന്നെ നടത്തുന്നു. പ്രദക്ഷിണാവസാനത്തിൽ "കൊല്ലൻദശ്നേ" പാടി ഈ ദിവസത്തേയ്ക്കുള്ള പ്രത്യേക പ്രാർത്ഥനകളും പടിയിട്ട് വി. കുർബ്ബാനയുടെ ആശീർവ്വാദം കൊടുക്കുന്നു. ഇങ്ങിനെ നാല്പതുമണിആരാധന എന്ന ഭക്തകൃത്യം അവസാനിപ്പിക്കുന്നു. നാല്പതുമണിയുടെ അവസാനത്തിൽ വി. കുർബ്ബാനയെപ്പറ്റി ഒരു പ്രസംഗം പറയുന്ന മുറയും എല്ലായിടങ്ങളിലും നടപ്പുള്ളതാണു.

നാല്പതുമണി ആരാധന നമ്മുടെ നാട്ടിൽ പല ആശ്രമങ്ങളിലും ഫൊറോനാപള്ളികളിലും നടത്തിവരുന്നുണ്ടു. റോമിലും മറ്റുപല കത്തോലിക്കാ പട്ടണങ്ങളിലും ആണ്ടുവട്ടം മുഴുവനിലും നാല്പതുമണി നടത്തുന്നതിനു ഏർപ്പാടു ചെയ്തിരിക്കയാണു. കേരളത്തിലും നാല്പതുമണിയുടെ പ്രധാന ലക്ഷണമായ തുടർച്ചയായുള്ള പ്രാർത്ഥന നടത്തുന്നതിനു വി. കുർബ്ബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ദിവ്യരക്ഷകൻ കാലതാമസം കൂടാതെ ഇടയാക്കുന്നതിനായി എല്ലായ്പോഴും വിശിഷ്യാ നാല്പതുമണിആരാധനയിൽ സംബന്ധിക്കുന്ന അവസരത്തിലും നാം പ്രാർത്ഥിക്കണം. കേരളവും ഭാരതവും സത്യവേദത്തിന്റെ ജ്ഞാനവെളിച്ചം പ്രാപിക്കുന്നതിനു നമ്മുടെ തുടർച്ചയായുള്ള പ്രാർത്ഥന നിശ്ചയമായും അത്യന്തം ഉപയുക്തമായിരിക്കും.

# അപ്പസ്തോലന്മാരുടെ അന്ത്യം.

(റവ. ഫാദർ തോമസ് മൂഞ്ഞേലി.)

അപ്പസ്തോലന്മാരെവരും അവരുടെ യജമാനന്റെ ശത്രുക്കളാൽ പീഡിപ്പിക്കപ്പെട്ടു. ക്രിസ്തുവിന്റെ പഠനങ്ങൾക്ക അവരുടെ രക്തത്താൽ മുദ്ര വെയ്ക്കുന്നതിനു അവർ ക്ഷണിക്കപ്പെടുകയും അഹ്ളാദസമന്വിതം അവർ അരിഷ്ടതകൾ സഹിക്കയും ചെയ്തു.

വിശുദ്ധ മത്തായി വിദൂരനഗരമായ എത്തിയോപ്പിയായിൽവെച്ചു ഒരു വാളാൽ വെട്ടപ്പെട്ടു ക്രിസ്തീയ വേദത്തിനുവേണ്ടി അന്തരിച്ചു.

വിശുദ്ധ മർക്കോസിനെ അലക്സാൺഡ്റിയാ പട്ടണത്തിലെ പബ്ളിക്ക പാതകളിൽകൂടി നിർദ്ദയമായി വലിച്ചിഴച്ചുകൊണ്ടുപോയി ക്രൂരതരമായ മർദ്ദനങ്ങളുടെശേഷം പട്ടണത്തിൽവച്ചു വധിച്ചു.

വിശുദ്ധ ലൂക്കായെ ഗ്രീക്കരാജ്യത്തിലെ ഒരു സൈത്തുവൃക്ഷത്തിന്മേൽ കെട്ടിത്തൂക്കികൊന്നു.

വി. യോഹന്നാനെ തിളച്ചുകിടന്ന എണ്ണയിൽ ഇട്ടെങ്കിലും അത്ഭുതകരമായ വിധം രക്ഷ പ്രാപിച്ചപ്പോൾ പാററ്മോസ് തുരുത്തിലേയ്ക്കു നാടുകടത്തി.

വി. പത്രോസു ശിരസ്സു കീഴ്പോട്ടായി റോമിൽവെച്ചു ക്രൂശിക്കപ്പെട്ടു.

വി. വലിയ യാക്കോബ് യറുശലേമിൽ ശിരസ്സു ഛേദിയ്ക്കപ്പെട്ടു.

വി. ചെറിയ യാക്കോബിനെ അത്യുന്നതമായ ദേവാലയ ഗോപുരമുകളിൽനിന്നു താഴത്തോട്ടു എറിഞ്ഞുകളഞ്ഞശേഷം വലിയ കുറുവടികൊണ്ടു അടിച്ചുകൊന്നു.

വിശുദ്ധ ബർത്തലോമിയെ ബന്ധിച്ചു ജീവനോടെ തോലുരിഞ്ഞു ഹിംസിച്ചു.

വി. അന്ത്രയോസ് ഒരു കുരിശിന്മേൽ ബന്ധിക്കപ്പെട്ടപ്പോൾ ഘാതകന്മാരോടു ക്രിസ്തുവിൻെറ വേദം ജീവൻ പിരിയുന്നതുവരെ പ്രസംഗിച്ചു.

നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹാ മൈലാപ്പൂരിൽ ഒരു കുന്തത്താൽ കുത്തപ്പെട്ടു നിശ്ശാതനായി.

വി. യൂദായെ അസ്ത്രങ്ങൾകൊണ്ടു എയ്തു കൊന്നുകളഞ്ഞു.

വി. മത്തിയാസിനെ ആദ്യം ശത്രുക്കൾ കല്ലെറിഞ്ഞെങ്കിലും അനന്തരം ശിരസ്സു ഛേദിക്കയാണു ചെയ്തതു.

വി. ബർണബാസിനെ യഹൂദന്മാർ സലൊണിക്കായിൽവെച്ചു കല്ലെറിഞ്ഞു വധിച്ചു.

വി. പൗലോസു നാനാതരത്തിലുള്ള മർദ്ദനങ്ങളും കഷ്ടതകളും സഹിച്ചശേഷം നീറൊ ചക്രവർത്തിയാൽ ശിരസ്സു ഛേദിക്കപ്പെട്ടു.

ക്രൂശിക്കപ്പെട്ട ക്രിസ്തുവിൻെറ അപ്പസ്തോലന്മാർക്കു ഇവ്വിധമുള്ള അന്ത്യം വന്നു നേരിട്ടതിൽ എന്താണു അത്ഭുതം! ക്രിസ്തു ക്രൂശിക്കപ്പെട്ടവനാണെങ്കിൽ, തൻെറ ദാസന്മാരും ഒരുവിധത്തിൽ ക്രൂശിക്കപ്പെട്ടവരായിരിക്കണ്ടേ? “ദാസൻ യജമാനനെക്കാൾ വലിയവനല്ല; അവർ എന്നെ പീഡിപ്പിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളെയും അവർ പീഡിപ്പിക്കും” എന്ന ക്രിസ്തുവിൻെറ ദിവ്യപ്രവചനം എത്ര സാത്ഥീകൃതമായിരിക്കുന്നു!!

# ദൈവമാതാവും യാക്കോബായ വിശ്വാസവും.

(റവ. ഫാദർ പ്ളാസിഡ് സി. ഡി.)

പരിശുദ്ധ കന്യകമറിയം ദൈവമാതാവാണെന്ന് യാക്കോബായക്കാർ വിശ്വസിക്കുക മാത്രമല്ല, തദനുസരണം പ്രവൎത്തിക്കുകയും ഈ വിശ്വാസത്തിനു വിരുദ്ധമായി ഉപദേശിക്കുന്ന നെസ്തോറിയരാദിയായവരെ ശപിക്കുകയും ചെയ്യുന്നു. മറിയം ദൈവമാതാവാണെന്നു പഠിപ്പിക്കുന്ന അപ്പേസൂസു സൂനഹദോസു യാക്കോബായസഭ സസന്തോഷം സ്വീകരിക്കുകയും, പ്രസ്തുത മഹോന്നത നാമധേയം മറിയത്തിനു നൽകുന്ന സൂനഹദോസിൻെറ ഒന്നാം കാനോന നെസ്തോറിയരുമായുള്ള യുദ്ധത്തിൽ ഭക്തിപുരസ്സരം അനുസ്മരിക്കുകയും ചെയ്യുന്നു. മറിയത്തെ സംബന്ധിച്ചുള്ള ഈ വിശ്വാസം സ്ഥാപിക്കുവാൻ ദൈവശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കാറുള്ള വേദവാക്യങ്ങളിൽ നിന്നുള്ള അനുമാനം യാക്കോബായസഭാംഗങ്ങളുടെ ഇടയിൽ സദാ സ്വീകാൎയ്യംതന്നെ. സഭാപിതാക്കന്മാരുടെ കൃതികളിൽ സ്പഷ്ടമായി കാണുന്ന ഈ പഠനം അതിപുരാതനവും ശ്ലീഹന്മാരിൽനിന്നു പരമ്പരയാ സിദ്ധിച്ചിട്ടുള്ളതും ആയ ഒന്നാണെന്നു സമ്മതിക്കുന്നതിൽ യാതൊരു യാക്കോബായക്കാരനും വൈമനസ്യം പ്രദൎശിപ്പിക്കുകയില്ല.

മറിയം ദൈവമാതാവാണെന്നും, മിശിഹായിൽ ഒരാൾ മാത്രമെയുള്ളു എന്നും അതു് ദൈവ ആൾ ആണെന്നും അ

പ്പേസൂസ്സ സൂനഹദോസിന്റെ ഒരുമിച്ച് യാക്കോബായക്കാരും വിശ്വസിക്കുന്നുണ്ട്. ദൈവ ആളെ മറിയം എങ്ങനെ പ്രസവിച്ചു എന്ന ചോദ്യത്തിനു് ശരിയായതും മതിയായതും ആയ സമാധാനം ഒരു യാക്കോബായക്കാരനിൽനിന്നു് അശിച്ചിട്ടാവശ്യമില്ലെങ്കിലും പ്രസ്തുത സത്യം യാക്കോബായസഭ ഒരുകാലത്തും നിഷേധിച്ചിട്ടില്ല. യോൽദസ്സ ഓലോഹോ (ദൈവജനനി), എമ്മേദോലോഹോ (ദൈവമാതാവ്) എന്നിങ്ങനെയുള്ള ഉന്നത നാമധേയങ്ങൾ യാക്കോബായപ്പള്ളികളിൽ പ്രതിദിനമെന്നപോലെ മുഴങ്ങിക്കൊണ്ടാണിരിക്കുന്നതു്. കുർബാന, കാനോനികജപം മുതലായവകളിൽ യാക്കോബായക്കാർ മറിയത്തിനു കല്പിക്കുന്ന സ്ഥാനസംജ്ഞകളും ഇവതന്നെയാണ്— "പ്രത്യേകമായിട്ട് ദൈവജനനിയായ (യോൽദസ്സ ഓലോഹോ) പരിശുദ്ധ മറിയത്തിന്...", "കന്യകോദരത്തിൽ നിന്നു തഴച്ചുവളർന്നതും, തന്റെ ജനനിയുടെ (മോലേദ്ദത്തേ) ഓർമ്മയെ സ്വർഗ്ഗത്തിലും ഭൂമിയിലും അത്യധികം മഹത്വപ്പെടുത്തുകയും ചെയ്ത ആ അനുഗ്രഹിക്കത്തക്ക ഫലത്തിന്നു...." "സുഗന്ധവർഗ്ഗങ്ങളുടെ വാസനയോടുകൂടെ ദൈവജനനിയായ (യോൽദസ്സ ഓലോഹോ) കന്യകമറിയത്തിന്നു ഓർമ്മ ഉണ്ടായിരിക്കട്ടെ". "നിന്നെ പ്രസവിച്ച (ദീലേ ദ്ദസോക്) മറിയം". "നിന്നെ പ്രസവിച്ച മാതാവിന്റെ (എമ്മോ ദീലോ ദ്ദസോക്) പ്രാർത്ഥനയാൽ" എന്നിങ്ങനെ എല്ലാം യാക്കോബായക്കാരുടെ ഉപയോഗത്തിലിരിക്കുന്ന തെക്സ്സോയിൽ നാം വായിക്കുന്നു. "ഈല്യൻ" (കന്നി) 8, ദൈവമാതാവിന്റെ ജനനം; "കോന്നൂൻക്ദീം" (ധനു) 26, ദൈവമാതാവിന്റെ പുകഴ്ച്ചപ്പെരുനാൾ; "കോന്നൂൻ ഹ്റോയി" (മകരം) 15, വിത്തുകളെക്കുറിച്ചു ദൈവമാതാവിന്റെ ഓർമ്മ; "ശ്ബോത്തു" കുംഭം) 3, മായൽത്തോ; "ഈയോർ" ഇടവം) 15, കതിരുകളെപ്രതി ദൈവമാതാവിന്റെ ഓർമ്മ എന്നും മറ്റും യാക്കോബായ പഞ്ചാംഗത്തിൽ കുറിച്ചിരിക്കുന്ന തിരുനാളുകൾ, യാക്കോബായസഭ മറിയത്തെ ദൈവമാതാവായി വിശ്വസിച്ചു വണങ്ങുന്നു എന്നതിനു ഉത്തമലക്ഷ്യങ്ങളത്രെ. ഈ വിശ്വാസത്തിൽനിന്നു യാക്കോബായസഭ ഇതേവരെ വ്യതിചലിച്ചിട്ടില്ല. ഇനി വ്യതിചലിച്ചാൽ അതു് സത്യമുപേക്ഷിക്കുകതന്നെയായിരിക്കുമെന്ന് ആ സഭയ്ക്കു പൂർണ്ണബോധമുണ്ട്. നെസ്തോറിയരോടും പ്രോട്ടസ്റ്റൻറുകാരോടുമുണ്ടായ പോരാട്ടങ്ങളിൽ മറിയത്തിലുള്ള പ്രസ്തുത വിശ്വാസം പരിത്യജിക്കുകയില്ലെന്നു് വിദേശങ്ങളിലും ഇവിടെയുമുള്ള യാക്കോബായക്കാർ പല പ്രാവശ്യം വെളിപ്പെടുത്തിയിട്ടുണ്ട്. ഈ വിശ്വാസ സംരക്ഷണത്തിനായ അവർ പല കഷ്ടനഷ്ടങ്ങൾ സഹിക്കുകകൂടെയും ചെയ്തിട്ടുണ്ടെന്ന് ചരിത്രം സാക്ഷ്യംവഹിക്കുന്നു. ഇതേവരെ പറഞ്ഞവയെല്ലാം യാക്കോബായ സഹോദരങ്ങൾ അഭിമാനപൂർവ്വം സ്വീകരിക്കുമെന്നുള്ളതിൽ സംശയത്തിനു വഴികാണുന്നില്ല. മറിയം ദൈവമാതാവല്ലെന്നു ധ്വനിപ്പിക്കുന്ന ഏതുപദേശവും, അതു മനസ്സിലായാലുടനെ, ശപിക്കുവാനുള്ള ഒരുക്കവും ധൈര്യവും മലങ്കര യാക്കോബായക്കാർക്കെങ്കിലും ഉണ്ടെന്ന് യാക്കോബായ ചരിത്രം പഠിച്ചിട്ടുള്ളവർക്കറിയാം. യാക്കോബായക്കാർ ഏക സ്വഭാവവാദികളാണല്ലോ. എങ്കിലും ഏകസ്വഭാവവാദം ആദ്യമായി പുറപ്പെടുവിച്ച എവുത്തീക്കീസിനെ അവർ ശപിക്കുന്നു. അതിനുള്ള കാരണങ്ങളിൽ ഒന്ന് എവുത്തീക്കീസിന്റെ പഠനങ്ങൾ മറിയം ദൈവമാതാവല്ലെന്നു് പരോക്ഷമല്ലാത്തവിധം പ്രസ്താവിക്കുന്നതത്രെ. ഇതിൽ നിന്നു മറിയം ദൈവമാതാവാണെന്നുള്ള വിശ്വാസം യാക്കോബായക്കാരിൽ എത്രകണ്ടു വേരൂന്നിയിട്ടുണ്ടെന്ന് ഏറെക്കുറെ മനസ്സിലാക്കാവുന്നതാണല്ലോ. (തുടരും.)

# മേരിസ്തവപഞ്ചകം.

(ശ്രീമാൻ എ. ററി. ദേവസ്സി; എങ്ങണ്ടിയൂർ.)








പാരാകെയംബരമഹാ രാജകന്യ! തവ നേരായ പുണ്യനിലയാൽ
പാരാതെ ഭക്തിരസവാരാശിയിൽ; കരുണ വാരാന്നിധേ! സുവരദേ!
പേരാളുമംബ! മമ വേരാന്ന പാപതരുപാരാതറുത്തിടുക നീ,
നേരായ മാൎഗ്ഗമിഹധാരാളമേകി പദതാരാശ്രയം തരിക മേ! 1.

മത്തുള്ളതായവിധമെത്തും, കഠോരപകയൊത്തും പിശാചുകളഹോ!
കത്തുംപടിക്കു മമ ചിത്തം പൊടിച്ചു ബഹുമത്തും പിടിച്ചതിവനിൽ;
എത്തുന്നതിത്തരമിഹത്തിങ്കലിന്നിവനു, മെത്തുന്നതാവക ദയാ—
സത്തും ചൊരിഞ്ഞു മമ ചിത്തം ലയിപ്പതിനു കാത്തും തൊഴുന്നു പദതാർ. 2.

വെന്തീടുമീദ്ദുരിതവന്തീക്കനൽ ജലധിനീന്തീടുവോൎക്കൊരു മഹാ
ശാന്തീകരീ! മമ ഭയം തീൎത്തിടുന്ന രവികാന്തീ ലസിക്കുമമലേ!
സന്താപമാണ്ടു മമ വൻതോഷഹാനിവ്യനരേന്തീടിലത്തിരുമിഴീ,
ശാന്തീഭവിപ്പതിനതേന്തീടണം, കമലകാന്തീ വിനിൎജ്ജിതപദേ! 3.

എല്ലാ നരൎക്കുമതിരില്ലാത്ത മട്ടിലൊരു ചൊല്ലാൽ വരങ്ങളരുളി—
ച്ചൊല്ലാളുമംബ! കറയില്ലാത്തതാം മഹിമയെല്ലാമെഴും മറിയമേ!
വല്ലാത്തതായ പല വല്ലായ്മ വന്നിടുവതെല്ലാമകററി ശരിയായ്
നല്ലാവിവേകമറിവില്ലാത്തവന്നു പരമുല്ലാസമോടരുളണേ! 4.

മന്നാകെയിദ്ധരണി തന്നാവസാനദിനമൊന്നായ് വിധിപ്പതിനഹോ!
സന്നാഹഭൂതർഭുവിവന്നാവിളംബരമതന്നോതിടുന്ന സമയേ,
നന്നായെഴുന്നവയിലൊന്നാം വരാമൃതമതുന്നായി നില്പതിനിവൻ
നന്നായ് കഴല്ക്കു പണിയുന്നാദരാലെ "പക"യൊന്നാകെ നീക്കിടണമേ! 5

# അന്ത്യലേപനം. (തുടർച്ച)

(റവ. ഫാദർ തോമസ് കളം.)

മേല്പറഞ്ഞ നന്മകൾ എല്ലാം ലഭിക്കുന്നതിന് രോഗി എന്തുചെയ്യണം?

നമ്മുടെ ബാഹ്യവും അഭ്യന്തരവുമായ സന്നദ്ധതയെ അനുസരിച്ചാണല്ലോ ദൈവദാനങ്ങളെ നാം സ്വീകരിക്കുന്നതു്. മറവിയാലൊ നല്ല ആത്മശോധനയുടെ അഭാവത്താലൊ പാപസങ്കീൎത്തനത്തിൽ വിട്ടുപോയിട്ടുള്ള പാപങ്ങളുടെ മോചനമാണല്ലോ ഈ കൂദാശ വഴിയായി ലഭിക്കുന്നതു്. അതിനാൽ ഈ കൂദാശയെ മതിയായ യോഗ്യതയോടുകൂടെ കൈക്കൊള്ളുന്നതിനായി നിവൃത്തിയുള്ളപക്ഷം രോഗി നല്ലകുമ്പസാരം കഴിച്ച് വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളണം. ഇതു് അസാദ്ധ്യമെങ്കിൽ പിന്നീടു് കുമ്പസാരിച്ചുകൊള്ളാമെന്നുള്ള നിശ്ചയത്തോടുകൂടി പാപത്തിന്മേൽ മനസ്താപപ്പെടണം. ദീനം മൂൎത്തീകരിച്ച് പഞ്ചേന്ദ്രിയങ്ങളും ഓൎമ്മ, ബുദ്ധി, മനസ്സ് ആദിയായവയും നിരുപയോഗമായിത്തീരുന്നതുവരെ ഈ കൂദാശയുടെ സ്വീകരണത്തെ മാററിവയ്ക്കരുതു്. ഇതിനെ തക്ക ഭക്തിയോടും, വിനയത്തോടുംകൂടെ കൈക്കൊള്ളുന്നതിനു് വേണ്ട സുബോധമുള്ളപ്പോൾതന്നെ സ്വീകരിക്കണം.

നിത്യരക്ഷയ്ക്കു് ഈ കൂദാശ ആവശ്യമോ?

അല്ല. എങ്കിലും ദീനമായിരിക്കുമ്പോൾ ഈ കൂദാശയുടെ ഫലത്തെ സ്വീകരിക്കുന്നതിന് ഉദാസീനത പ്രദൎശിപ്പിക്കരുതു്. കൂടാതെയും ഇത്ര മാഹാത്മ്യമേറിയതായ ഈ കൂദാശയെ അവജ്ഞമൂലം ഉപേക്ഷിക്കുന്നതു് റൂഹാദക്കുദ്ശാതമ്പുരാനു് എതിരായ ഒരു വലിയ പാപവുമായിരിക്കുമെന്നു് ത്രെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നു. (Sess XIV. C 3.)

ഒന്നിലധികം പ്രാവശ്യം ഈ കൂദാശയെ സ്വീകരിക്കാമോ? മരണകരമായിട്ടുള്ള ദീനത്തിലുൾപ്പെടുമ്പോഴൊക്കെയും ഇതിനെ സ്വീകരിക്കാം. എന്നാൽ ഒരു ദീനത്തിൽവച്ച് ഒരുപ്രാവശ്യം മാത്രമേ സ്വീകരിക്കാവു എന്നുള്ളതു് പ്രത്യേകം സ്മരണീയമത്രെ. എങ്കിലും ഒരേ ദീനത്തിൽ വളരെനാൾ കിടക്കുന്നപക്ഷം പിന്നെയും സ്വീകരിക്കാവുന്നതാണു്.

ദീനക്കാരന്റെ മുറിയിൽ പ്രവേശിച്ച പട്ടക്കാരൻ എന്തുചെയ്യുന്നു? വീട്ടിനു് സമാധാനത്തെ ആശംസിക്കയും അതിലെ അംഗങ്ങളെ ദൈവത്തിന്റെ മാലാഖാമാർ സംരക്ഷിച്ച് ശത്രുവിനെ നിഷ്കാസനം ചെയ്തു് ദീനക്കാരനു് സമാധാനവും, സുഖവും ശക്തിയും കൊടുക്കട്ടെ എന്നു് പ്രാൎത്ഥിക്കയും ചെയ്യുന്നു.

പട്ടക്കാരൻ എന്തിനാണു് ദീനക്കാരന്റെമേൽ വെള്ളം തളിക്കുന്നതു്? മനസ്താപപ്പെട്ടു് കണ്ണുനീർ ചിന്തി തന്റെ പാപത്തിന്നായി ദൈവത്തോടു് പൊറുതി അപേക്ഷിക്കുന്നതിനും ദുഷ്ടാരൂപിയുടെ പ്രഭാവത്തെ നശിപ്പിക്കുന്നതിനുംവേണ്ടിയത്രെ.

പട്ടക്കാരൻ ഈ കൂദാശയെ കൊടുക്കുന്ന സമയം അടുത്തു നില്ക്കുന്നവരോടു് പ്രാർത്ഥിക്കാൻ പറയുന്നതു് എന്തിനാണു്?; ദീനക്കാരന്റെ ആത്മാവിനും ശരീരത്തിനും ആവശ്യമായ സകല നന്മകളേയും അവരുടെ പ്രാൎത്ഥനകൾ വഴിയായികൂടെയും ലഭിക്കുന്നതിന്നായിട്ടാകുന്നു.

രോഗിയുടെ തലമേൽ പട്ടക്കാരൻ കൈവെക്കുമ്പോൾ അപേക്ഷിക്കുന്നതു് എന്തിനാണു്?

ദീനക്കാരന്റെ ശരീരത്തിന്മേൽ തന്റെ കരങ്ങളെ വച്ചുകൊണ്ടു് സകല വിശുദ്ധന്മാരുടെയും മാദ്ധ്യസ്ഥം മൂലം അയാളെ ദൈവത്തിന്റെ സംരക്ഷണയിൻകീഴിൽ സൂക്ഷിക്കുന്നതിനും മരണനേരത്തുള്ള പിശാചിന്റെ തന്ത്രങ്ങളിൽ ഈ ആത്മാവു് ഉൾപ്പെട്ടുപോകാതിരിപ്പാനുംവേണ്ടി യാചിക്കയത്രെ ചെയ്യുന്നതു്.

# കേരളത്തിലെ നവീകൃത സുറിയാനിക്കാർ.

ശ്രീമാൻ കെ. ഇ. ജോബ് എം. ഏ. എൽ. ററി.)

സി. എം. എസ്സ്. മിഷ്യനറിമാർ പുത്തൻകൂറുകാരുമായുള്ള ബന്ധം വിട്ട് ഏതാനും സുറിയാനിക്കാരുമായി വേർതിരിഞ്ഞുപൊയ്ക്കളഞ്ഞു എങ്കിലും അവരുമായി അനുഭാവമുള്ള ഒട്ടനേകം ജനങ്ങൾ പുത്തൻകൂറിൽ ശേഷിച്ചു. ഇവരുടെ നായകൻ അബ്രാഹം എന്നു പേരുള്ള ഒരു മല്പാനായിരുന്നു. ഇദ്ദേഹം മതനവീകരണത്തിൽ പ്രദർശിപ്പിച്ച അനല്പമായ താല്പര്യം കാരണത്താൽ കേരളസഭയിലെ (Wycliffe) വിക്ലിഫ് എന്നാണ് ഇദ്ദേഹത്തെ പ്രസിദ്ധനായ ഡബ്ലിയു. ജെ, റിച്ചാർഡ്സ് എന്ന മിഷ്യനറി സ്വന്ത കൃതിയിൽ അഭിധാനം ചെയ്തിട്ടുള്ളത്. ഇദ്ദേഹത്തിനു മാത്യു എന്നു പേരായി ഒരു അനന്തിരവനും, ജോർജ്ജ്മാത്തൻ എന്നു പേരായി ഒരു ശിഷ്യനുമുണ്ടായിരുന്നു. ഈ രണ്ടാളുകളും കേരള വിക്ലിഫിൻെറ അഭിപ്രായത്തെ പ്രത്യക്ഷരം ആദരിച്ചുവരിക കാരണത്താൽ രണ്ടുപേരെയും യാക്കോബായ മെത്രാനായ നാലാം ദീവന്യാസ്യോസ് മുടക്കുകയുണ്ടായി. തദനന്തരം ജോർജ്ജ്മാത്തൻ ആംഗ്ലിക്കൻ അഥവാ പ്രൊട്ടസ്റ്റൻറു സഭയിൽ ചേരുകയും 1870-ൽ ചരമം പ്രാപിക്കയും ചെയ്തു. ഇദ്ദേഹം നല്ല വ്യുൽപത്തിയുള്ള ഒരു ഭാഷാപണ്ഡിതനും വൈയാകരണനുമായിരുന്നു എന്നുള്ളതു ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. പാലക്കുന്നത്തു മാത്തൻ, കോട്ടയംകോളജിൽ പഠിച്ചിരിക്കുമ്പോൾ യാക്കോബായ മെത്രാനാൽ മുടക്കപ്പെട്ടശേഷം മദ്രാസിൽ പോകുകയും അവിടെയുള്ള പ്രൊട്ടസ്റ്റൻറു കോളജിൽ പഠനം തുടരുകയും ചെയ്തു. എങ്കിലും ആവിടെവച്ചു നടത്തദോഷം നിമിത്തം അദ്ദേഹത്തെ പ്രൊട്ടസ്റ്റൻറു മിഷ്യനറിമാരായ കോളജധികൃതന്മാർ ഡിസ്മിസ് ചെയ്യുകയാണുണ്ടായത്. തദനന്തരം അനേകം ഒപ്പുകളിട്ട ഒരു അപേക്ഷയോടുകൂടി അദ്ദേഹം അന്ത്യോഖ്യായിലേക്കു പോകുകയും അവിടെ 1841-ാമാണ്ടോടുകൂടി ചെന്നുചേരുകയും ചെയ്തു. അവിടെ മാത്യുശമ്മാശ്ശനെ കുറെനാൾ കൂടെ താമസിപ്പിച്ചശേഷം അദ്ദേഹത്തിനെ പാത്രിയർക്കീസ്, മലങ്കര മെത്രാപ്പോലീത്താ ആയി വാഴിച്ചു വേണ്ട അധികാരപത്രങ്ങളോടുകൂടി കേരളത്തിലേക്കയച്ചു. മലങ്കര ഇടവകയുടെ മാർ മാത്യൂസ് അത്തനാസിയോസ് എന്നു പേരോടുകൂടി 1843-ൽ ഇദ്ദേഹം കേരളത്തിൽ വന്നുചേരുകയും നാലാം മാർ ദിവന്യാസ്യോസിൽ നിന്നു സമുദായ സ്ഥാപനങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ മാർ ദീവന്ന്യാസ്യോസ് അപ്രകാരം ചെയ്തില്ലെന്നു മാത്രമല്ല, മാർ അത്താനാസിയോസിൻെറ പ്രൊട്ടസ്റ്റൻറു മതപ്രതിപത്തിയേയും സ്വന്ത വിശ്വാസ സ്ഥിരതയേയും അധികാരാദരവിനേയും പററി സുദീർഘമായി വിവരിക്കുന്ന കത്തുകൾ അന്ത്യോഖ്യായ്ക്കു അയക്കുകയാണുണ്ടായത്. കുറേനാൾ കഴിഞ്ഞപ്പോൾ പാത്രിയർക്കീസിനു കാര്യങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാകുകയും 1846-ൽ സ്വന്തപ്രതിനിധി ആയി ഒരു മാർ കൂറിലോസിനെ സമസ്താധികാരത്തോടുകൂടി കേരളത്തിലേക്കയയ്ക്കുകയും ചെയ്തു. ഇദ്ദേഹത്തിൻെറ കൈയിൽ പാത്രിയർക്കീസിൻെറ ഒപ്പോടുകൂടിയ ഒട്ടനവധി വെള്ളക്കടലാസുകൾ ഉണ്ടായിരുന്നു. അവയിൽ ഒന്നിൽ കൂറിലോസു തന്നെത്തന്നെ മലങ്കര ഇടവകയുടെ മെത്രാപ്പോലീത്താ ആയി നിയമിച്ചു എഴുതുകയും മാർ ദിവന്യാസ്യോസ് ഈ "കള്ളപ്പ"ത്തിനു വിധേയനാകുകയും ചെയ്തു. ഉടനെ മാർ കൂറിലോസ് അത്താനാസ്യോസിനെ

Richard P. 37.
Mackenzie P. 39.

സ്ഥാനത്യാഗം ചെയ്യിച്ച് തനിക്കു മലങ്കര ഇടവകയുടെ ഭരണം വാങ്ങിക്കിട്ടണമെന്നു തിരുവിതാംകൂർ സക്കാരിനെ ബോധിപ്പിച്ചു. ഈ കേസു തീരുമാനിക്കുന്നതിനു് തിരുവിതാംകൂർ ഡർബാറിൽനിന്നും ഒരു കമ്മിററി ഏൎപ്പെടുത്തുകയും മാർ കൂറിലോസു തന്നെത്തന്നെ മലങ്കരമെത്രാപ്പോലീത്താ ആയി നിയമിച്ചതു് ന്യായരഹിതമായ ഒരു രേഖയാണെന്നു കമ്മററിക്കാർ വിധിക്കുകയും ചെയ്തു. അതിൻപ്രകാരം 1852-ൽ മാർ അത്താനാസിയോസിനെ തന്നെ മലങ്കരമഹാഇടവകയുടെ മെത്രാപ്പോലീത്തായായി ഗവമ്മെൻറംഗീകരിക്കുകയുണ്ടായി. ഇപ്രകാരം നവീകരണപ്രസ്ഥാനക്കാക്കു പുത്തൻകൂർ സമുദായത്തിൽ വലിയ ഒരു പ്രാമാണ്യം ലഭിച്ചു. എങ്കിലും ഇദ്ദേഹത്തിന്റെ ജീവിതത്തിൽ (Ungodliness) ദൈവത്തിനു നിരക്കാത്ത പല പ്രവൃത്തികൾ ഉണ്ടായിരുന്നതായും, തന്മൂലം കേരളത്തിലെ വിക്ലിഫായിരുന്ന സ്വന്ത കാരണവൻ അബ്രാഹം മല്പാൻ തന്റെ മരണാവസരത്തിൽ പോലും ഇദ്ദേഹത്തിൽ നിന്നു കുർബാന സ്വീകരിക്കയുണ്ടായില്ലെന്നും ഡോക്ടർ റിച്ചാർഡ്സ് എന്ന പ്രോട്ടസ്റ്റൻറു മിഷ്യനറി പറഞ്ഞിരിക്കുന്നു. ഇതു മാർ മാത്യൂസ് അത്തനാസിയോസിനു പ്രോട്ടസ്റ്റൻറു വിശ്വാസത്തോടുള്ള വിപ്രതിപത്തിമൂലമല്ലെന്നുള്ളതും ഓർമ്മിക്കണം. "യാക്കോബായ ഉപദേശങ്ങളോട് ആദരവോ, പ്രൊട്ടസ്റ്റൻറുപ്രമാണങ്ങളോട് വിരോധമോ ഇല്ലാത്ത മാർ അത്തനാസ യോസ്" എന്നാണ് ഇദ്ദേഹത്തെപ്പററി ഇദ്ദേഹത്തിന്റെ സതീൎത്ഥ്യനും ഉററ സ്നേഹിതനുമായിരുന്ന പ്രൊട്ടസ്റ്റൻറുപാദ്രി റവ. ജോർജ്ജമാത്തൻ പറഞ്ഞിട്ടുള്ളതു്. (Madras Church Missionary Records Vol XXIX 1832. p. 117) ഇദ്ദേഹത്തിന്റെ വയസ്സുകാലത്തു 1870 മുതൽ ആംഗ്ലിക്കൻ ബിഷോപ്പായിരുന്ന ഡാക്ടർ മിൻമാന്റെ ഉപദേശാനുസരണം ഇദ്ദേഹത്തിന്റെ സന്മാൎഗ്ഗനിലയിൽ ചില ഗണ്യമായ വ്യത്യാസം വന്നുവെങ്കിലും അതു കഴിഞ്ഞിട്ടും ഇദ്ദേഹം വളരെ കൌശലക്കാരനായി തന്നെ കഴിച്ചുകൂട്ടി എന്നാണ് മേൽപറഞ്ഞ മിഷ്യനറി പറഞ്ഞിരിക്കുന്നതു്. (തുടരും.)

# കേരളീയ കത്തോലിക്ക വിദ്യാൎത്ഥിസഖ്യം.

(വെറി. റവ. ഫാദർ ജേക്കബ് നട്ടവത്തുശ്ശേരി.)

കേരളീയ കത്തോലിക്ക വിദ്യാൎത്ഥിസഖ്യം അഥവാ എം. സി. എസ്. എൽ. എന്നറിയപ്പെടുന്ന യുവജന സംഘത്തിന്റെ സുസ്ഥിരമായ നിലനില്പിന്നും ക്രമോൻമുഖമായ അഭിവൃദ്ധിക്കും അത്യന്താപേക്ഷിതമായ ഒരു മന്ദിരം ഉണ്ടാക്കുന്നതിന്നു ദീൎഘനാളായി പ്രസ്തുത സഖ്യത്തിന്റെ ഭാരവാഹികൾ ശ്രമിച്ചുവരുന്നു. ഏതാനും ഉദാരശീലന്മാരായ മഹത്തുക്കൾ ചെയ്ത ധനസഹായംകൊണ്ടു എറണാകുളം കായലോരത്തിൽ ഒരു പ്രധാന സ്ഥലത്തു സഖ്യമന്ദിരത്തിന്റെ തറകെട്ടിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ മന്ദിരംപണി പൂൎത്തിയാക്കുന്നതിനു സഖ്യാധികൃതന്മാരുടെ പക്കൽ ഒരു പൈപോലും ഇല്ലെന്നുള്ള വസ്തുത തുറന്നു പറഞ്ഞുകൊള്ളട്ടെ. അതു പൂൎത്തിയാക്കാതിരുന്നാൽ അപാരമായ ഇഛാഭംഗത്തിന്നു ഇടയാകുമെന്നുതന്നെയല്ലാ, സഖ്യത്തിന്റെ സ്ഥിരം പ്രസിഡണ്ടായ റവ. ഫാദർ ഒണോരെ എസ്. ജെ. അവർകൾ സഖ

വുമായിട്ടുള്ള ബന്ധം ഉപേക്ഷിക്കുന്നതു മാണ്. സഖ്യത്തിൻെറ ഈ ബാല്യകാലഘട്ടത്തിൽ ഫാദർ ഒണോറെ പ്രസിഡണ്ട് ഉദ്യോഗം രാജിവെച്ചാൽ അതു സഖ്യത്തിൻെറ ഉൽഗതിക്കു ഹാനികരമായിരിക്കുമെന്നുള്ളതിന്നു പക്ഷാന്തരമില്ല. സഖ്യത്തെ വേണ്ടവിധം പ്രോത്സാഹിപ്പിക്കണമെന്നു എറണാകുളം ചങ്ങനാശ്ശേരി, കോട്ടയം, തൃശ്ശൂർ മുതലായ രൂപതാദ്ധ്യക്ഷന്മാർ ഇടയലേഖനങ്ങളാലും മററു മാർഗ്ഗേണയും തങ്ങളുടെ അജഗണങ്ങളെ ബലമായി ഉപദേശിച്ചിട്ടുണ്ട്. പണപ്പിരിവു നടത്തേണ്ടതിലേക്കു ഒരു പൊതുകമ്മററിയേയും ഓരോ രൂപത കമ്മററിയേയും സഖ്യത്തിൻെറ നിർവാഹകസംഘത്തിൽനിന്നും നിശ്ചയിച്ചിരിക്കുന്നു. ഈ കമ്മററി അംഗങ്ങൾ കാലവിളംബമെന്യെ പ്രവൃത്തി തുടങ്ങുന്നതാണ്. ബ. വൈദികരെ, മാന്യ മഹാജനങ്ങളെ, നമ്മുടെ വൈദികമേലദ്ധ്യക്ഷന്മാരുടെ നിർദ്ദേശമനുസരിച്ച് നമ്മുടെ മതപ്രചാരത്തെയും സമുദായാഭിവൃദ്ധിയേയും ലക്ഷ്യമാക്കി വിവിധപരിശ്രമങ്ങൾ ചെയ്യുന്ന ഈ വിദ്യാർത്ഥിസഖ്യരെ കഴിയുന്നവിധം സഹായിക്കണമെന്നു നിങ്ങളോടു അഭ്യർത്ഥിച്ചുകൊള്ളുന്നു. ധനസഹായം ചെയ്യുന്നവരുടെ പേരുവിവരങ്ങൾ കത്തോലിക്കാ പത്രങ്ങളിലും സഖ്യംവകയായി പുറപ്പെടുന്ന മാസികയിലും പ്രസിദ്ധപ്പെടുത്തുന്നതാണ്.

# പാപത്തിൽ നിന്നും മരണത്തിലേക്ക്.

(ചെറുപുഷ്പദാസ്.)

മനസ്സറിഞ്ഞുകൊണ്ടു പാപംചെയ്യുന്നവർ ഏറമിയാ ദീർഘദർശി പറയും പ്രകാരം രണ്ടുപ്രകാരത്തിൽ വലിയ കുററക്കാരായി ഭവിക്കുന്നു. "ഓ! ആകാശങ്ങളെ നിങ്ങൾ അത്ഭുതപരതന്ത്രരാകുവിൻ. എന്തെന്നാൽ എൻെറ ജനം ഘോരതരമായ രണ്ടു പാപങ്ങൾ ചെയ്തിരിക്കുന്നു. സജീവജലത്തിൻെറ ഉറവയായിരിക്കുന്ന എന്നെ അവർ സംത്യജിക്കുകയും വെള്ളം നില്ക്കാത്ത പൊട്ടക്കുളങ്ങൾ അവക്കായിക്കൊണ്ടു അവർ തന്നെ കുഴിക്കുകയും ചെയ്തിരിക്കുന്നു. (ഏറ. II. 12, 13.) അതെ, ക്രിസ്തീയ സഹോദരീ സഹോദരങ്ങളെ, എല്ലാ ചാവുദോഷങ്ങളിലും ഈ രണ്ടു ഘോരപാപങ്ങൾ അടങ്ങീട്ടുണ്ട്. നാം ഒരു ചാവുദോഷം ചെയ്യുമ്പോൾ അനന്തനന്മയും, അതേ നന്മയുടേയും ജീവൻെറയും ഉറവയുമായിരിക്കുന്ന ദൈവത്തെ വിട്ടുപേക്ഷിക്കുകയും, കേവലം വിചാരമാത്രമായ സന്തോഷാനുഭവത്തിലുള്ള ആകാംക്ഷയാൽ നരകീയസത്വമായിരിക്കുന്ന പാപത്തെ ആശ്ലേഷിക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ പ്രവാചകൻ ഇതിനെ ചെളിയും അഴുക്കും മാത്രം അടങ്ങിയ ഒരു പൊട്ടക്കുളത്തോടു സാമ്യപ്പെടുത്തുന്നതിൽ അത്ഭുതപ്പെടുവാനില്ല. ഇതേപ്രകാരംതന്നെ ഒരു പാപിയുടെ മാനസാന്തരത്തിൽ മുൻ പ്രസ്താവിച്ച കഠോരപാപങ്ങൾക്കു വിപരീതങ്ങളായ രണ്ടു പ്രധാന സംഗതികൾ— അതായതു് 1. നമ്മോടു അളവററവിധം നന്മകാണിക്കുന്നവനും, സ്വതവേ അനന്തനന്മയുമായിരിക്കുന്ന ദൈവത്തെ ഉപദ്രവിച്ചതിനാൽ ഭയത്തോടും, വെറുപ്പോടും, മനസ്താപത്തോടുംകൂടെ "പാപത്തിൽനിന്നുള്ള അകൽച്ചയും" 2. ത

ന്റെ തിരുക്കല്പനകളെ അനുകരിക്കുന്നതിനും, ജീവിതശേഷം മുഴുവനും അങ്ങെ അനുസരണയിലും ശുശ്രൂഷയിലും കഴിച്ചുകൂട്ടുന്നതിനുമായി "ദൈവത്തിലേക്കുള്ള അടുപ്പവും" ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരു നീചപാപി അത്യഗാധമായ പാപകൂപത്തിൽ നിന്നു കയറി സകല നന്മസ്വരൂപന്റെ അടുക്കൽ വന്നുചേരുന്ന ഈ വൃത്താന്തമാണ് സാക്ഷാൽ സന്തോഷാവഹം.

ആത്മാവിനു പാപത്തിൽ നിന്നുള്ള അകൽച്ച ഒരു പാപിയുടെ മനസ്സുതിരിവിന്റെ അതിപ്രധാനവും അവശ്യാവശ്യവുമായ ഒരു പ്രസ്പഷ്ടചിഹ്നമാകകൊണ്ട് അതിൽനിന്നുള്ള അകൽച്ച പൂർണ്ണമനസ്സോടും അറിവോടുംകൂടിയുള്ളതായിരിക്കണം. പാപത്തിന്മേൽ അല്പമായി മനസ്താപപ്പെടുകയോ, ജ്ഞാനതണുപ്പോടുകൂടി ജീവിതത്തെ നന്നാക്കാമെന്നു പ്രതിജ്ഞചെയ്കയോ, മനസ്സില്ലാമനസ്സോടെ നവജീവിതാരംഭത്തിനു അധികം പ്രയാസം തോന്നാത്ത പരിശ്രമങ്ങളിൽ ഏർപ്പെടുകയോ ചെയ്താൽ പോരാ. പ്രത്യുത, ഒരു പാപി, അവന്റെ അശുദ്ധ പാപങ്ങളെ മുഴുഹൃദയത്തോടെ വിട്ടുപേക്ഷിക്കയും, അവയെ സകല തിന്മയെക്കാൾ അധികമായി വെറുക്കുകയും, നരകത്തെക്കാൾ നീചമായിക്കരുതുകയും, അതു ഒരുവനെ നാശകൂപത്തിൽ നിപതിപ്പിക്കുമെന്നുള്ള ഭയത്തോടുകൂടി സാംക്രമികരോഗത്തിൽ നിന്നെന്നപോലെ പാപികളിൽ നിന്നും, പാപഹേതുക്കളിൽ നിന്നും ഒളിച്ചോടിപ്പോകയും, എന്തുതന്നെ നേരിട്ടാലും അതിലേയ്ക്കു വീണ്ടും പിന്തിരികയില്ലെന്നു പൂർണ്ണമായും, സ്ഥിരമായും, ഉറപ്പായും പ്രതിജ്ഞ ചെയ്കയും ചെയ്യേണ്ടിയിരിക്കുന്നു. ഇതു് സാക്ഷാൽ അനുതാപത്തിന്റെ ലക്ഷണമാകുന്നു. എന്നാൽ പാപത്തേയോ പാപഹേതുക്കളേയോ വിട്ടുപേക്ഷിക്കാതെ തങ്ങൾ മനസ്സുതിരിഞ്ഞുകഴിഞ്ഞിരിക്കുന്നുവെന്നു സ്വയം പ്രശംസിക്കുന്നതു് വാസ്തവത്തിൽ കഷ്ടാൽ കഷ്ടതരവും ലജ്ജാവഹവുമത്രെ.

പാപത്തിന്റെ പ്രധാന ലക്ഷണം ദൈവത്തിൽ നിന്നുള്ള അകൽച്ചയും, അനുതാപലക്ഷണം പൂർണ്ണഹൃദയത്തോടുകൂടിയുള്ള ദൈവസാമീപ്യവുമാണല്ലോ. ആകയാൽ പാപത്തിന്മേൽ സാക്ഷാൽ അനുതാപമുള്ളവൻ, മുഴുഹൃദയത്തോടുകൂടി ആഗ്രഹിച്ചിരുന്ന പന്നികളുടെ ആഹാരമായ തവിടിനെ വെറുത്തുപേക്ഷിക്കുകതന്നെയല്ല, അവന്റെ പിതാവിനാൽ ആലിംഗനം ചെയ്യപ്പെടുന്നതിന് തൽക്ഷണം മുതൽ അങ്ങെ ദിവ്യസ്നേഹത്തിന്റെ അനന്ത ശുശ്രൂഷിയായിത്തീർന്നുകൊള്ളാമെന്നുള്ള ഉറപ്പോടും, മനസ്താപത്തോടും, എളിമയോടും, സ്നേഹത്തോടുംകൂടി ആ ദയനിറഞ്ഞ പിതാവിന്റെ പക്കലേക്കു പിന്തിരിയേണ്ടിയുമിരിക്കുന്നു. അവൻ, "അധികം സ്നേഹിക്കുന്നവനു അനേക പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു" (വി. ലൂക്കാ VII.) എന്നും, ദൈവത്തോടു എത്രയധികമായി കടപ്പെട്ടിരിക്കുന്നുവോ, അത്രയ്ക്കധികമായി ഏതു സമയത്തും എത്ര വലിയ പാപങ്ങളായിരുന്നാലും നമ്മോടു ക്ഷമിക്കുന്നതിനു സന്നദ്ധനായിരിക്കുന്ന ആ ദയാനിധിയായ പിതാവിനെ നമ്മുടെ പൂർണ്ണഹൃദയത്തോടുകൂടി സ്നേഹിക്കുന്നതിനു നമുക്കു ചുമതലയുണ്ടെന്നും സദാ സ്മരിക്കേണ്ടതാണ്. ചുരുക്കിപ്പറയുന്നതായാൽ യഥാർത്ഥമായി മനസ്സുതിരിഞ്ഞിട്ടുള്ള ഒരുവനു സ്നേഹത്തിന്റെയും അനുസരണയുടെയും പ്രേരണയാൽ ദൈവത്തിലേക്കു സദാ ക്രമപ്രവൃദ്ധമായ ഒരു അടുപ്പമുണ്ടായിരിക്കണം. അവൻ, ജീവിതശേഷം മുഴുവനും ദിവ്യസ്നേഹത്തിനായി പ്രതിഷ്ഠിക്കേണ്ടിയിരിക്കുന്നു. ഇതു് മുമ്പു ചെയ്തുപോയ പാപങ്ങളുടെ മോചനത്തിനു നിശ്ചയമായ ഒരു നിവൃത്തിമാർഗ്ഗവും മേലിൽ ചെയ്യാതിരിക്കുന്നതിനു നമ്മെ സഹായിക്കുന്ന ഒരുത്തമകൃത്യവുമാകുന്നു. ആകയാൽ നമുക്കു സാക്ഷാൽ അനുതാപമുള്ളവരെപ്പോലെ, നാം ഇതുവരെ സ്നേഹിച്ച നിത്യശിക്ഷാർഹമായ പാപത്തെ വെറുത്തു്, നമ്മുടെ സ്നേഹത്തിന്നായിക്കൊണ്ടു കുരിശുമരണം കയ്യേററ കർത്താവും രക്ഷിതാ

വുമായ ദൈവത്തിലേക്കു പിന്തിരിയുകയും, ആ പാപങ്ങളെ ദൈവസ്നേഹത്തെപ്രതി ബലികഴിക്കുകയും ചെയ്തു തുടങ്ങാം. ഇതിനുള്ള അനുഗ്രഹം നമുക്കേവർക്കും സർവ്വശക്തൻ തരുമാറാകട്ടെ.

# ആർസ് വികാരിയുടെ വേദപാഠക്ലാസ്.

## 5. ഞായറാഴ്ചയുടെ ആചരണം.

(റവ. ആർ. പി.)

നിങ്ങൾക്കു സദാ ജോലിതന്നെ. എന്നാൽ നിങ്ങളുടെ സമ്പാദ്യം നിങ്ങളുടെ ആത്മശരീരങ്ങൾക്കു ഹാനികരമായി പരിണമിക്കുന്നെങ്കിൽ അതു് എത്ര ശോചനീയം! ഞായറാഴ്ച ജോലിചെയ്യുന്നവരോടു അവരുടെ പ്രവൃത്തിയെക്കുറിച്ചു ചോദിച്ചാൽ എന്തു സമാധാനം അവർ പറയും? ദിവ്യരക്ഷകനെ വീണ്ടും വീണ്ടും കുരിശിൽ തറച്ചും, ജ്ഞാനസ്നാന വാഗ്ദാനങ്ങളെ അവഗണിച്ചും സ്വന്തം ആത്മാവിനെ പിശാചിനു വിൽക്കുകയല്ലയോ അതു മൂലം അവർ ചെയ്യുന്നതു്? ഹാ! കഷ്ടം! നരകത്തിലേക്കു അവർ ഓടി അടുക്കുന്നു എന്നു അവർ ഗ്രഹിക്കുന്നില്ല. നിത്യകാലം അവിടെ കിടന്നു വിലപിക്കേണ്ടി വരുമെന്നും അവർ മനസ്സിലാക്കുന്നില്ല. ഞായറാഴ്ച വണ്ടി ഓടിക്കുന്നവർ അവരുടെ ആത്മാവിനെ വണ്ടിയിൽ കയററി നരകത്തിലേക്കു കൊണ്ടുപോകുന്നുവെന്നു പലപ്പോഴും ഞാൻ വിചാരിച്ചുപോയിട്ടുണ്ടു്. ഞായറാഴ്ചദിവസം കൂടുതൽ ജോലിചെയ്തു ധാരാളം പണം സമ്പാദിക്കാമെന്നു കരുതുന്നതു് എത്ര വലിയ മൗഢ്യം! നല്ലവനായ ദൈവത്തിന്റെ പ്രമാണത്തെ ലംഘിക്കുന്നതിനു പരിഹാരം ചെയ്വാൻ രണ്ടോ നാലോ അണ പര്യാപ്തമാകുമെന്നോ? ഒരിക്കലുമില്ല.

നിങ്ങളെ സംബന്ധിച്ച സകലത്തും നിങ്ങളുടെ പ്രയത്നത്തെ ആശ്രയിച്ചിരിക്കുന്നു എന്നു നിങ്ങൾ വിചാരിക്കുന്നു. എന്നാൽ നിനച്ചിരിക്കാത്ത സമയം ഒരു വ്യാധി അഥവാ മറെറന്തെങ്കിലും ഒരു സംഭവം, അധികം വേണ്ട, ഒരു കൊടുങ്കാററു, ഒരു ഇടിവാൾ, എല്ലാം നശിച്ചു; സകലത്തും അവസാനിച്ചു. അതിനാൽ നല്ലവനായ ദൈവം സകലവും തന്റെ കൈകളിൽ പിടിച്ചിരിക്കുന്നുവെന്നു നിങ്ങൾ ധരിക്കുക. അവിടുത്തെ ഇഷ്ടാനുസരണം സകലത്തിനും പ്രതികാരം അവിടുന്നു ചോദിക്കും. അതിനുള്ള ഉപകരണങ്ങളും അവിടുത്തേക്കു ഇല്ലാതില്ല. താൻ സർവ്വശക്തനല്ലയോ? സർവ്വശക്തനായ അവിടുന്നു അപ്രകാരം പ്രത്യക്ഷപ്പെടുന്നെങ്കിൽ അതിൽ ന്യായരഹിതമായി എന്താണുള്ളതു്?

ഒരിക്കൽ, ഞായറാഴ്ചദിവസം വിളവെടുക്കുന്നതിനുള്ള അനുവാദത്തിനായി ഒരു സ്ത്രീ അവളുടെ വികാരി അച്ചന്റെ പക്കൽ ചെന്നു. അദ്ദേഹം, അവളെ ആ പ്രവൃത്തിയിൽ നിന്നും വിരമിപ്പിക്കുന്നതിനു 'നിങ്ങളുടെ നെല്ലു നശിക്കരുതെന്നല്ലേയുള്ളു?' എന്നു സാന്ത്വനമായി പറയുവാൻ തുടങ്ങി. ഇതു കേട്ടപ്പോൾ അവൾക്കു കോപമാണുണ്ടായതു്. 'എന്റെ വിളവു മുഴുവൻ നശിച്ചുപോകണമെന്നായിരിക്കും അച്ചന്റെ ആഗ്രഹം' എന്നു പരുഷസ്വരത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു അവൾ അവിടെ നിന്നും മടങ്ങിപ്പോയി. അത്ഭുതം! അന്നു വൈകുന്നേരം തന്നെ

അവൾ മരണം പ്രാപിച്ചു. അവളുടെ വിളവിനേക്കാൾ അവൾ തന്നെയായിരുന്നു കൂടുതൽ അപകടത്തിൽ സ്ഥിതിചെയ്തിരുന്നതു്. എന്നാൽ അതു് അവൾ അറിഞ്ഞതേയില്ല. 'നശിച്ചുപോകുന്ന ഭക്ഷണത്തിനായി നിങ്ങൾ പ്രയത്നിക്കരുതേ. പ്രത്യുത, നിത്യജീവിതത്തിലേക്കു നിലനിൽക്കുന്നതിനുവേണ്ടി വേലചെയ്യുവിൻ.'

ഞായറാഴ്ച പണിയിൽ നിങ്ങൾക്കു എന്തു ശേഷിക്കും? ഭൂമിയെ അതേവിധം ത്യജിക്കേണ്ടിവരും. നിങ്ങൾ പോകുമ്പോൾ നിങ്ങളോടുകൂടെ യാതൊന്നും കൊണ്ടുപോകയില്ല. എന്നാൽ നിങ്ങൾ ഭൂമിയോടു ബന്ധമുള്ളവരാകുന്നുവെങ്കിൽ അതിൽ നിന്നും വേർപെട്ടുപോകുവാൻ വളരെ മടി കാണിക്കും. നമ്മുടെ സർവ്വപ്രധാനമായ കൃത്യം ദൈവസന്നിധിയിലേക്കുള്ള യാത്രയാകുന്നു. വേറൊന്നിനുമായിട്ടുള്ളതല്ല നമ്മുടെ ഭൂവാസം. അതിനാൽ പ്രവൃത്തികളെ സംബന്ധിച്ചേടത്തോളം ഞായറാഴ്ച നാം മരിക്കയും തിങ്കളാഴ്ച അവയെ ചെയ്യുന്നതിനു ഉയിർക്കുകയും ചെയ്യണം.

ഞായറാഴ്ച ദിവസം നമ്മുടെ നല്ല ദൈവത്തിന്റെ സ്വന്തമാകുന്നു. ആ ദിവസം മുഴുവനും അവിടുത്തേക്കു മാത്രമുള്ളതത്രെ. ഒരാഴ്ചയിൽ ഏഴു ദിവസങ്ങൾ അവിടുന്നു സൃഷ്ടിച്ചു അവ മുഴുവനും തന്നെ അവിടുത്തേക്കു എടുക്കാമായിരുന്നു. പക്ഷെ, അവയിൽ ആറും നമ്മൾക്കു നൽകിയിട്ടു ഏഴാമത്തേതു മാത്രം തനിക്കായി എടുത്തു. നിങ്ങളുടേതല്ലാത്തതിനെ കൈകാര്യം ചെയ്വാൻ നിങ്ങൾക്കു എന്തവകാശം? "കട്ടെടുത്തതു് പൊട്ടിത്തെറിക്കു"മെന്നു നിങ്ങൾക്കു അറിയാമല്ലൊ. കർത്താവിൽ നിന്നും മോഷ്ടിച്ചെടുക്കുന്ന ആ ഞായറാഴ്ചദിവസംകൊണ്ടു നിങ്ങൾക്കു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. നഗ്നരാകുന്നതിനു രണ്ടു വഴികൾ എനിക്കറിവുണ്ട്. അവയിൽ ഒന്നു ഞായറാഴ്ച വേലചെയ്യുന്നതും, മറേറതു് അന്യന്റെ മുതൽ അപഹരിച്ചെടുക്കുന്നതും തന്നെ. അതുകൊണ്ടു ഞായറാഴ്ച ദിവസം ജോലി ഒന്നും ചെയ്യാതെ വിശുദ്ധമായി അതിനെ വിനിയോഗിക്കുക. അപ്പോൾ ദൈവം നിങ്ങളെ അനുഗ്രഹിക്കും.

---

# അക്രോസി. (ഒരു വാസ്തവകഥ തുടർച്ച.)

(ഒരു വൈദികൻ.)

അവളുടെ ജീവിതം നന്നാക്കുന്നതിനോ? അതെങ്ങിനെ സാധിക്കും! ആ പെൺകുട്ടിയും വിങ്ങിവിങ്ങിക്കരവാൻ തുടങ്ങി; എന്തുകൊണ്ടെന്നാൽ അവളുടെ സുഖപ്രാപ്തികുറെ അസാദ്ധ്യമാണെന്നവൾക്കും മനസ്സിലായി. പുത്രിയോടുള്ള അതിവാത്സല്യത്താലും അവൾക്കുവേണ്ടിക്കൂടിയും ഇതുവരെയും നയിച്ചുവന്ന സ്വേച്ഛാനുസൃതമായ തന്റെ ജീവിതം മാറുന്നതിലുള്ള വൈമനസ്യം നിമിത്തവും നിരാശയിലായിട്ടെന്നപോലെ തന്റെ അരുമ സന്താനത്തെ എടുത്തു മാറോടുചേർത്തണച്ചു.....

ദിവസങ്ങൾപിന്നെയും പലതുകഴിഞ്ഞു. ഒരുസായങ്കാലത്തു് അക്രോസിഅവളുടെ വസതയുടെ പുരോഭാഗത്തുള്ളപൂമുഖത്തു തെരുവിലേക്കു നോക്കി ഓരോന്നു കണ്ടും രസിച്ചും ഇരിക്കയായിരുന്നു. സഞ്ചാരികളുടെ അങ്കിയും ഭാണ്ഡവും ധരിച്ചിട്ടുള്ള മദ്ധ്യവയസ്കരായ ഒരുക്കൂട്ടം ആളുകൾ യോഹന്നാന്റെ വീടിനെ ലാക്കാക്കി ധൃതഗതിയിൽ പോകുന്ന അവൾകണ്ടു. അവർ നേരെ പ്രസ്തുത വീട്ടിൽ പ്രവേശിക്കുന്നതു കണ്ടുനിന്നതു അയല്ക്കാരിയായ സ്ത്രീ ഓടിവന്നു് നിങ്ങളവരെ കണ്ടില്ലെ? അവരാണു് ആ മറിയത്തിന്റെ പുത്രന്റെ ശിഷ്യന്മാർ; ആ മനുഷ്യന്റെ വേദം പ്രസംഗിക്കാ

നായി അവർ അടുത്തും അകലയും ആയി പല നാട്ടുകളിലും ചുററി സഞ്ചരിച്ചുവന്നിരിക്കയാണ്. എല്ലാവരുംകൂടി ഒത്തൊരുമിച്ചു ഇന്നുതന്നെ വന്നെത്തിനായിരിക്കുമോ!" എന്നു അക്ഷമയായി ചോദിച്ചു.

അടുത്തദിവസംതന്നെ ആ വൃദ്ധ മരിച്ചുപോയെന്നും അവരുടെ മകന്റെ ശിഷ്യന്മാർ വന്നു അവൾക്കായി യോസപ്പാത്തിന്റെ താഴ്വരയിൽ ഒരു ശവകുടീരം തയ്യാറാക്കുന്നുവെന്നും അന്നു വൈകുന്നേരംതന്നെ അവരെല്ലാവരുംകൂടി ആ മൃതശരീരത്തെ അവിടെ സംസ്കരിക്കുന്നതാണെന്നും മററും ദാസിമാർ മുഖേന അക്രോസിക്കറിയാൻ കഴിഞ്ഞു. പ്രസ്തുത വാർത്തകേട്ടു സമീപെ നിന്നിരുന്ന പെൺകുട്ടി "അമ്മച്ചീ, അവളുടെ ഭൂതവും മകന്റെ ഭൂതവുമായി കണ്ടുമുട്ടുമ്പോൾ എന്റെ കാര്യവും പറയാതിരിക്കുമോ" എന്നുപറഞ്ഞു കരയാൻ തുടങ്ങി.

അക്രോസിയുടെ ഹൃദയം ഏററം ഭാരമുള്ളതായി അവൾക്കു തോന്നി. എന്തെന്നില്ലാത്ത ഒരു മനോവ്യഥ അവളെ ബാധിച്ചു. ആ അപരിചിതയായ വൃദ്ധയും അവളുടെ പുത്രനും എങ്ങിനെ അക്രോസിയുടെ ജീവിതനിക്ഷേപങ്ങളിൽകടന്നുകൂടി! ശവസംസ്കാരസമയം സമീപിക്കുന്തോറും അവളുടെ മനോവ്യഥയും വർദ്ധിച്ചുതന്നെയിരുന്നു. അതിനെ ദൂരീകരിക്കാൻ അവൾ കഴിയുന്നത്ര ശ്രമിച്ചു. തണുത്ത വെള്ളത്തിൽ കുളിച്ചു; കേശഭാരത്തെ ക്രമപ്പെടുത്തി; ലലാടവും ഉത്തമാംഗവുംസുഗന്ധ തൈലത്താൽ അഭിഷേകംചെയ്തു; ദർപ്പണത്തിൽനോക്കി നോക്കി തന്നെത്തന്നെ പല വിധത്തിലും അവൾ ചമയിച്ചു. അതിവിശേഷമായ ഒരു രത്നം പതിച്ചവിലയേറിയ ഒരു മുടി അവൾതലയിൽ ചൂടിയതു് ഒരു കാലത്തു് ഏതൊ ഒരുഈജിപ്റ്റ്റാണിയുടേതായിരുന്നുവെന്നു് അതിന്മേലുള്ള രാജകീയമുദ്രതന്നെ സാക്ഷ്യം വഹിച്ചിരുന്നു. രത്നഖചിതങ്ങളായ സ്വർണ്ണമാലകളാൽ അവളുടെ കണ്ഠവും വക്ഷസ്ഥലങ്ങളും സവിശേഷം അലംകൃതങ്ങളായി. രത്നാംഗുലീയങ്ങളും സുവർണ്ണ കങ്കണങ്ങളും കൈവിരലുകളെയും കൈത്തണ്ടുകളെയും യഥോചിതം അലങ്കരിച്ചു. കനകമണിപ്രവാളഘടിതമായ ഒരു കടിസൂത്രം അവളുടെശരീരത്തിൽ യഥാസ്ഥാനം പ്രാപിച്ചുകഴിഞ്ഞു. ഇങ്ങനെ കസവു് പട്ടാംബരങ്ങളും ചാർത്തി സുവർണ്ണ നവരത്നങ്ങളാൽ പ്രഭൂഷിതയായി, സർവ്വാംഗസുന്ദരിയായിപ്രാസാദത്തിന്റെമുഖപ്പിൽഅവൾസായങ്കാലത്തെ പ്രകൃതിവിലാസംകണ്ടാസ്വദിക്കയോ, തെരുവിന്റെ അങ്ങേ അററത്തു് അതിദൂരത്തിൽ സാവധാനം യാത്രചെയ്തിരുന്ന ഒരു സംസ്കാരപ്രദക്ഷിണത്തെ ഉൽസുകയായി നോക്കിക്കൊണ്ടു നില്ക്കുകയോ ചെയ്യുകയായിരുന്നു. അവളുടെ ഓമന പുത്രിയും സമീപെ നിലത്തുകളിച്ചുകൊണ്ടിരുന്നു.

വിലാപ ചിഹ്നങ്ങളെപ്രദർശിപ്പിച്ചുകൊണ്ടു സുദീർഘമായ ഒരു പ്രദക്ഷിണനിര മന്ദംമന്ദം വരുന്നതു് അക്രോസി കണ്ടു. ധനവാന്മാരും ദരിദ്രരും സ്ത്രീകളും പുരുഷന്മാരും അടങ്ങിയ ഒരു ബാലവൃദ്ധസമൂഹമാണതു! കരങ്ങളിൽ പനന്തണ്ടുകളും സൈത്തുശാഖകളും പുഷ്പങ്ങളും വഹിച്ചുകൊണ്ടു വരുന്ന അവർ തങ്ങളുടെ വാത്സല്യമാതാവിന്റെ വിയോഗത്തിൽ വിലപിക്കുന്ന ഏക കുടുംബാംഗങ്ങളായി കാണപ്പെടുന്നു. അദ്ദേഹത്താൽ—ആ വൃദ്ധയുടെ പുത്രനാൽ—സുഖമാക്കപ്പെട്ടവരും ഇക്കൂട്ടത്തിൽ ഒട്ടും കുറവല്ലാ.

താറുമാറായ തന്റെ ജീവിതത്തിന്റെ വൈരൂപ്യം അക്രോസിയുടെ കണ്ണുകൾക്കു് സുവ്യക്തം കാണാറായി! അതുവരെയും നയിച്ചിരുന്ന ജീവിതം മഹാ അരോചകമായും അതിന്റെ അന്ത്യം ഏററം ഭയാനകമായും അവൾക്കു തോന്നി. അവളണിഞ്ഞിരുന്ന മുത്തുരത്നങ്ങളെ—അവളുടെ പാപത്തിന്റെ വിലയായ ആഭരണങ്ങളെ—അവൾവെറുത്തു. കന്മഷപൂർണ്ണമായഒരുജീവിതത്തിലെ സമ്പാദ്യങ്ങളായകസവുവസ്ത്രാദികൾഅവളെ വല്ലാതെവിഷമിപ്പിച്ചു. അരോചകത്തോടെ ഒരൊററത്തട്ടു്, അവളുടെ സകലകണ്ഠമാലകളും ദൂരെ!

"നന്മനിറഞ്ഞമറിയമെ നിനക്കു സ്വസ്തി. . ."എന്നു ശ്രുതിമധുരമായിപാ

ടിക്കൊണ്ടു് ഒരു ബാലഗണം അവളുടെകൺമുമ്പിലൂടെകടന്നുപോയി. അവരുടെ പുറകെ ശവമഞ്ചവുംവഹിച്ചുകൊണ്ടു് അപ്പസ്തോലന്മാർ അവളോടടുത്തപ്പോൾമുത്തുരത്നങ്ങളും സ്വർണ്ണമണികളും അതിന്മേൽവർഷിച്ചു!... ഏജിപ്ത്തുസമ്പ്രദായത്തിലുള്ള രത്നഖചിതമായ ഒരു കിരീടംമഞ്ചത്തിന്മീതെ ഉരുണ്ടു താഴെ വീണു.

ചൂടുള്ള അശ്രുധാര അക്രോസിയുടെ കണ്ണുകളിൽനിന്നുപ്രവഹിച്ചു!. ഹാ! നീ പൊയ്ക്കഴിഞ്ഞോ, സ്ത്രീകളിൽ ഏററം പരിശുദ്ധയായവളെ, നീ പോയ്കഴിഞ്ഞുവോ! ഞാനിതാ ഏകാകിനിയായിത്തീന്നിരിക്കുന്നു. ഇനി നിന്നോടു സംഭാഷിക്കുന്നതിന് എനിക്കു സാധിക്കുകയില്ലല്ലൊ; ആനന്ദപൂർണ്ണമായ ആ മുഖവും കരുണാവിലാസമുള്ളആകണ്ണുകളും മേലിൽഞാൻകാണുന്നതല്ലല്ലൊ!. ഇസ്രായേലിൽ അതിപരിശുദ്ധയായവളെ, കന്യകകളുടെ രാജ്ഞിയായവളെ, എൻെറ ജീവിതം നവീകരിക്കാൻ നീ ഉപദേശിച്ചു. നിശ്ചയമായും ഞാനപ്രകാരം ചെയ്യും. നിശ്ചയമായും ഞാൻ പശ്ചാത്തപിച്ചു പരിഹാരം ചെയ്യും.... നീ എന്നെ കാണുകയില്ലായിരിക്കാം. എന്നാലും ഞാനെൻെറ ജീവിതത്തെ നവീകരിക്കും. യാതൊരു പ്രതിഫലവും ഇശ്ചിച്ചല്ലാ, ഒരിക്കലും അല്ലാ..... ഏററം പരിശുദ്ധയായ മാതാവേ!... ഇങ്ങനെ അവൾ വിലപിച്ചു.

അടുത്തനിമിഷത്തിൽതൻെറപുത്രിയുടെ ആഹ്ളാദപൂർണ്ണമായ സ്വരംകേട്ടു, തിരിഞ്ഞുനോക്കിയപ്പോൾ "കണ്ടോ അമ്മച്ചീ,ഇനിക്കിപ്പോൾനടക്കാം" എന്നുപറഞ്ഞുകൊണ്ടുതൻെറമടിയിലേക്കോടിവന്ന അവളുടെ അരുമ സന്താനത്തെയാണ് അശ്രുകണങ്ങൾക്കിടയിലൂടെ അവൾ കണ്ടതു്!! ഇരുവരും സന്തോഷാധിക്യത്താൽ കരഞ്ഞു. "നന്മനിറഞ്ഞ മറിയമെ! സ്വസ്തി".

---

## ൧൯൨൯ മേടമാസത്തിലെ തിരുഹൃദയ സഭക്കാരുടെ

# പൊതുനിയോഗം.

### ദൈവജനനിയുടെ നേക്കുള്ള ഭക്തിവർദ്ധനവ്.

കത്തോലിക്കാസഭയിൽ രക്ഷാകരമായ പല മാർഗ്ഗങ്ങളുള്ളതിൽ ഒട്ടും അപ്രധാനമല്ലാത്തഒന്നാണു ദൈവജനനിയുടെനേക്കുള്ള ഭക്തി. "പരിശുദ്ധകന്യകമറിയത്തിൻെറ നേരേയുള്ള നിഷ്ക്കപടമായ ഭക്തി വഴിയായി ആ ഭാഗ്യവതിയുടെ കൃപയ്ക്കു പാത്രമാകുന്നവനാരോ അവൻ സ്വർഗ്ഗവാസികളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുകയും ഈ ഭക്തിയുടെ ചിഹ്നം അതിനെ ധരിച്ചിരിക്കുന്നവൻെറ നാമം നിത്യായുസ്സിൻെറ പുസ്തകത്തിൽ എഴുതപ്പെടുന്നതിന്നു സംഗതിയാക്കുകയും ചെയ്യും." എന്നത്രെ വേദപാരഗനായ വി. ബൊനവെന്തുരാ ഈ ഭക്തിയേപ്പററി അഭിപ്രായപ്പെട്ടിരിക്കുന്നതു. പുണ്യാത്മാക്കളും വേദശാസ്ത്രജ്ഞന്മാരും സ്വാനുഭവത്തിൽ നിന്നു തന്നെ ഈ സത്യത്തെ സ്ഥിരീകരിക്കയും ശേഷം പേരേ പഠിപ്പിക്കയും ചെയ്യുന്നു. ദൈവമാതാവായ ഈ പരിശുദ്ധകന്യകയെ ദൈവം ഇപ്രകാരം മഹത്വപ്പെടുത്തുകയും ആ അമ്മവഴിയായി വരപ്രസാദദാനങ്ങൾ വിതരണം ചെയ്കയും, മനുഷ്യരക്ഷയെ നിർവഹിക്കയും ചെയ്യുന്നതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ തൻെറ മാതാവായി തെരഞ്ഞെടുത്ത പരിശുദ്ധ കന്യകയെ ഈ വിധത്തിൽ മഹത്വപ്പെടുത്താതിരുന്നെങ്കിലാണു അത്ഭുതപ്പെടേ

ണ്ടിയിരിക്കുന്നതു്. ആകയാൽ നിത്യരക്ഷയെ ആഗ്രഹിക്കുന്ന കത്തോലിക്കരെല്ലാവരും ഈ അമ്മയുടെ ആശ്രയത്തെ തേടുന്നു. ലോകരക്ഷകന്റെ പക്കലേക്കു നേരേ പോകാൻ പാടില്ലായ്കകൊണ്ടോ, മ്ശിഹായുടെ നേരേ വിശ്വാസക്കുറവുണ്ടായിട്ടോ അല്ല അവർ ഈ അമ്മയുടെ മാദ്ധ്യസ്ഥം തേടുന്നതു്. പിന്നെയോ മ്ശിഹാ തന്നെ ഏൎപ്പെടുത്തിയിരിക്കുന്ന എളുപ്പമുള്ള വഴിയാണിതെന്നു അനുഭവത്താലേ അവൎക്കു ബോധപ്പെട്ടിട്ടുള്ളതുകൊണ്ടാണു്. സത്യവിശ്വാസത്തിന്റെ വെളിച്ചം നഷ്ടീഭവിച്ചിട്ടുള്ളവർ ഈ തത്വങ്ങൾ ഗ്രഹിക്കാതെ അന്ധകാരത്തിൽ കിടന്നു അപലപിക്കുന്നുണ്ടെങ്കിലും കത്തോലിക്കാ സത്യസഭയിൽ ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെ നേരേയുള്ള ഭക്തി നാൾക്കുനാൾ വൎദ്ധിച്ചുവരികയാണു ചെയ്യുന്നതു്. ഇതു കത്തോലിക്കുടുംബങ്ങളുടെ ജീവനും രക്ഷാകരചിഹ്നവുമാണു. ഇനിയും ഇതു വൎദ്ധമാനമായിത്തന്നെ വരുവാൻ ശക്യവണ്ണം തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാൎത്ഥിക്കണം.



ജൂൺമാസം. — ദിവ്യകാരുണ്യനിന്ദാപരിഹാരം.

---

# ക: നാഥയുടെ കുഞ്ഞുമക്കൾക്കു്

## 1. വി. ലൂയിസു ഗൊൺസാഗാ.

5. ദിവ്യകാരുണ്യഭക്തി.

പ്രിയ കുഞ്ഞുങ്ങളെ,

പുണ്യവാന്മാരുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം ജ്വലിപ്പിച്ചിരുന്ന ഒരു പ്രധാന ഭക്തിയാണു വിശുദ്ധ കുൎബാനയുടെ നേൎക്കുള്ള ഭക്തി. ഒരു ദൈവം നമുക്കുവേണ്ടി ദിവസേന പീഠങ്ങളിന്മേൽ ബലി അൎപ്പിക്കപ്പെടുന്നുവെന്നും, രാപകൽ സക്രാരിക്കുള്ളിൽ അപ്പത്തിന്റെ രൂപത്തിൽ എഴുന്നള്ളിയിരിക്കുന്നുഎന്നും, മനുഷ്യഹൃദയങ്ങളിലേക്കു എഴുന്നള്ളി വരപ്രസാദദാനങ്ങളെ ചിന്തുന്നുവെന്നും മററുമുള്ള സത്യങ്ങൾ ഇടവിടാതെ ധ്യാനിക്കയിൽ പരിശുദ്ധന്മാർ സ്നേഹപരവശരായിപ്പോകുന്നു. ഇതുതന്നെയായിരുന്നു വി. ലൂയീസിന്റെ സ്ഥിതിയും. വിശുദ്ധകുർബാനയുടെ നാമം കേൾക്കുമ്പോൾ പുണ്യവാന്റെ ഹൃദയം സ്നേഹത്താൽ തുടിച്ചിരുന്നു. ദിവ്യകാരുണ്യസന്നിധിയിൽ ചെന്നാലുടൻ പലപ്പോഴും ഭക്തിപാരവശ്യത്താൽ മതിമയങ്ങി നിന്നുപോയിരുന്നു. കുർബാനയിൽ തിരുശരീരവും രക്തവും ഉയൎത്തുകയിൽ വിശുദ്ധന്റെ കണ്ണുകളിൽനിന്നു ധാരധാരയായി ചിന്തിയിരുന്ന കണ്ണുനീർ കാണികളെ ദൈവസ്നേഹത്തിലേക്കു ആകൎഷിച്ചിരുന്നു. ദിവസേന അഞ്ചും ആറും കുർബാനയ്ക്കു തുടർച്ചയായി സഹായിച്ചുവന്നിരുന്നു. ഞായറാഴ്ചതോറും ദിവ്യകാരുണ്യം ഉൾക്കൊണ്ടശേഷം തിങ്കൾ ചൊവ്വാ ബുധൻ എന്ന ദിവസങ്ങൾ ഉപകാരസ്മരണയ്ക്കായും, അനന്തരം വ്യാഴം വെള്ളി ശനി എന്ന ദിവസങ്ങൾ പിറേറ ഞായറാഴ്ചത്തെ കുർബാന കൈക്കൊള്ളപ്പാടിനുള്ള ആസ്ഥപ്പാടായി

ട്ടം കഴിക്കയായിരുന്നു വിശുദ്ധൻെറ പതിവു. ദിവ്യകാരുണ്യ സ്വീകരണത്തിൻെറ തലേദിവസമായ ശനിയാഴ്ച സംഭാഷണ വിഷയമെല്ലാം വിശുദ്ധ കുർബാന തന്നെയായിരുന്നു. തഴപ്പാ വൃദ്ധന്മാരും വയോവൃദ്ധന്മാരുമായ വൈദികന്മാർ കൂടെയും പുണ്യവാൻെറ അന്നത്തെ സംഭാഷണം കേട്ടു ഭക്തിവർദ്ധനവു പ്രാപിപ്പാൻവേണ്ടി അടുത്തുകൂടിയിരുന്നതായി പറയപ്പെടുന്നു. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി അക്കാലത്തു വളരെ പ്രചാരത്തിൽ വന്നിട്ടില്ലായിരുന്നെങ്കിലും ലൂയീസു അതിൽ അഭ്യസിച്ചുവന്നിരുന്നതായി കാണുന്നു. പ്രിയ കുഞ്ഞുങ്ങളേ! ദിവ്യകാരുണ്യ ഈശോയേ നിങ്ങൾ എങ്ങിനെ സ്നേഹിക്കുന്നു? ദിവ്യപൂജ കാണുന്നതിലുള്ള നിങ്ങളുടെ ഭക്തിയും താല്പര്യവുമെങ്ങനെ? ഈ വിഷയത്തിലുള്ള കുറവുകൾ തീർത്തു തരുന്നതിനു വി. ലൂയീസിനോടു പ്രത്യേകം പ്രാർത്ഥിക്കണം.

## II. ഈ മാസത്തെ മദ്ധ്യസ്ഥൻ — വി. പീലിപ്പോസ് നേരി.

(തിരുനാൾ മേയ് 26-ാം ശനിയാഴ്ച.)

പതിനാറാം നൂറ്റാണ്ടിൽ റോമയിൽ ജീവിച്ചിരുന്ന ഈ പുണ്യവാൻ കൊച്ചുകുട്ടികളുടെ ഒരു പ്രത്യേക മദ്ധ്യസ്ഥനാണ്. പുണ്യവാൻ റോമയിലെ തെരുവിലേയ്ക്കിറങ്ങിയാൽ കുട്ടികൾ പുറകേ ഓടിക്കൂടിയിരുന്നു. തൻെറ സദുപദേശങ്ങളാലും മധുരവചനങ്ങളാലും അവരെ ദൈവത്തിൻ പക്കലേക്കും ദൈവജനനിയുടെ പക്കലേക്കും അടുപ്പിച്ചിരുന്നു. പിശാചിൻെറ കെണികളിലേക്കു പാഞ്ഞുപോയിരുന്ന പല ചെറുപ്പക്കാർ ഇപ്രകാരം പുണ്യവാൻെറ സഹായത്താൽ പുണ്യാത്മാക്കളായി തീർന്നിട്ടുണ്ടു്. "പാപം ചെയ്യുന്നതിനേക്കാൾ മരിക്കുന്നതിനു വി. പീലിപ്പോസ് നേരി പുണ്യവാളാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ."

## III കെ. സി. സി. എ. ഡയറി.

തൃശ്ശിവപേരൂർ വച്ചു ഇക്കൊല്ലത്തെ വാർഷികസമ്മേളനം നടത്താനുള്ള ആലോചന നേരത്തെ തുടങ്ങിയെങ്കിലും കഴിഞ്ഞലക്കം കുസുമം പുറപ്പെട്ടശേഷം മാത്രമെ കാര്യം തീർച്ചപ്പെട്ടിട്ടുള്ളു. അതിനാൽ നസ്രാണിദീപികവഴിയ്ക്കേ എല്ലാവരേയും അറിയിക്കാൻ സാധിച്ചിട്ടുള്ളു. സാധിച്ച സ്ഥലങ്ങളിലേക്കെല്ലാം ക്ഷണക്കത്തും അയച്ചിരുന്നു.

* * *

തൃശ്ശൂരേ കുഞ്ഞുമക്കളുടെ പ്രശസ്തി ഇതിനകം എല്ലായിടത്തും പരന്നുകഴിഞ്ഞു. എല്ലാ ഇടവകകളിലേക്കും എണ്ണംകൊണ്ടു പൊങ്ങി നില്ക്കുന്നതും അവരു തന്നെ. അവരുടെ ഉത്സാഹത്താലാണ് അവിടെ മൂന്നുദിവസത്തേക്കു ഒരു പ്രസംഗയോഗവും നടത്തിയിരിക്കുന്നതു്. അതിൻെറ ഒന്നാംദിവസമായ ഏപ്രിൽ 20-ാംനു- വെള്ളിയാഴ്ച കെ. സി. സി. എ. സംയുക്തസമ്മേളനവും നടത്തുകയാണുണ്ടായതു്. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടുതന്നെയാണു അദ്ധ്യക്ഷം വഹിച്ചതു്. രാവിലെ കത്തീഡ്രൽപള്ളിയിൽ തിരുമേനി കെ. സി. സി. എ.യ്ക്കു വേണ്ടി ദിവ്യപൂജ അർപ്പിച്ചു.

* * *

അഞ്ചരമണിയോടേ ബാഡ്ജ്ധാരികളായ മുന്നൂറിൽപരം കുഞ്ഞുമക്കളും വേറെ ഒട്ടേറെ കുട്ടികളും ചേർന്നു തിരുമേനിയേയും പ്രാസംഗികന്മാരേയും യോഗശാലയിലേക്കു ഘോഷയാത്രയായി ആനയിച്ചു. അടുത്തുള്ള മറ്റു സ്ഥലങ്ങളിൽനിന്നും ആലപ്പുഴ തത്തംപള്ളി മുതലായ ദൂരസ്ഥലങ്ങളിൽനിന്നും അംഗങ്ങൾ സന്നിഹിതരായിരുന്നു. അറുപതിൽപരം വൈദികരും, ഉദ്യോഗസ്ഥന്മാർ പൌരപ്രധാനികൾ തുടങ്ങി മൂവായിരത്തോളം ആളുകളും ഇതിൽ സംബന്ധിച്ചിരുന്നു.

* * *

എം. എൽ. സി. മി. സി. എ. ഔസേപ്പിൻെറ സ്വാഗതപ്രസംഗം, അ

ദ്ധ്യക്ഷൻ തിരുമനസ്സിലെ പ്രസംഗങ്ങൾ, ജനറൽ സെക്രട്ടറി മി. എൽ സി. ഐസക്ക് ബി. എ. യുടെ റപ്പോർട്ടുവായന, ക. നി. മൂ. സ. പ്രിയോർജനറാൾ വെറി. റവ. ഫാദർ ജോൺബ്രിക്മാൻസു അവർകളുടെയും റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട് അവർകളുടെയും പ്രസംഗങ്ങൾ, ഇവയെല്ലാം കൂടി കഴിഞ്ഞുവന്നപ്പോൾ രാത്രി ഒൻപതരമണിയായെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഇങ്ങിനെ സർവ്വമംഗളമായി സമ്മേളനം കഴിഞ്ഞുകൂടിയതിൽ തൃശ്ശൂരെ കുഞ്ഞുമക്കളേയും അവരുടെ രക്ഷാധികാരിമാരായ മൊൺസിഞ്ഞോർ പുതുശ്ശേരി അവർകളേയും ആൻറണി തച്ചുപറമ്പിൽ അവർകളേയും അനുമോദിച്ചുകൊള്ളുന്നു.

സെൻട്രൽ ഡിപ്പോ കേമമായി നടന്നുവരുന്നു മാർച്ചുമാസത്തിൽ മൂന്നുറുറുപ്പാ പിരിവുണ്ടായി. നിയമപ്രകാരം ഏഴുരൂപാ പൊതുഫണ്ടിലേക്കും ലഭിച്ചിട്ടുണ്ട്. പൊതുഫണ്ടു ഇപ്പോൾ ആകെ എൺപത്തിരണ്ടര രൂപായുണ്ട്. വായനശാലക്കാരുത്തരിൽ പാട്ടുള്ളവർ എല്ലാവരും ശ്രമിച്ചു വിവരം അറിയിക്കണം.

* * *

അമ്മയുടെ വണക്കമാസം കുഞ്ഞുമക്കളെല്ലാരും കേമമായിട്ടു കൊണ്ടാടണം. കൊച്ചച്ചനു വേണ്ടിയും അപേക്ഷിക്കുമല്ലൊ.

എന്ന് നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ

# വർത്തമാനസംഗ്രഹം.

അർമ്മേനിയൻ മെത്രാന്മാരുടെ ഒരു സൂനഹദോസ് റോമ്മായിൽവച്ച് പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു മേ 6-ാംനു- ഉൽഘാടനം ചെയ്യുന്നതാണ്.

ഇപ്പോഴുള്ള 66 കർദ്ദിനാളന്മാരിൽ മൂന്നുപേരെ പതിമൂന്നാം ലെയോൻ മാർപ്പാപ്പായും, 27പേരെ പത്താം പീയൂസ് മാർപ്പാപ്പായും, 18പേരെ പതിനഞ്ചാം ബനദിക്തോസു മാർപ്പാപ്പായും, 18 പേരെ പതിനൊന്നാം പീയൂസ് മാർപ്പാപ്പായും നിയമിച്ചിട്ടുള്ളതാണെന്നു കാണുന്നു.

മതപഠനത്തിനു പ്രതിബന്ധം വരുത്തത്തക്ക യാതൊരു നിയമവും ഉണ്ടാക്കരുതെന്നു അപേക്ഷിക്കുന്നതായി 83 ശാസ്ത്രജ്ഞന്മാർ ഒപ്പിട്ട ഒരു മെമ്മോറിയൽ ജർമ്മൻപാർലമെൻറിൽ സമർപ്പിച്ചിരിക്കുന്നു.

മൂന്നുകൊല്ലം കഴികയാൽ തിരുവിതാംകൂർ നിയമനിർമ്മാണസഭയുടെ രണ്ടാമത്തെ യോഗവും കൊച്ചി നിയമസഭയുടെ ഒന്നാമത്തെ യോഗവും പിരിച്ചുവിട്ടിരിക്കുന്നു. അടുത്ത യോഗങ്ങളിലേക്കുള്ള സാമാജികന്മാരുടെ തിരഞ്ഞെടുപ്പു ഉടനെതന്നെ നടത്തുന്നതായിരിക്കും.

മെക്സിക്കോയിലെ ഇപ്പോഴത്തെ കുഴപ്പങ്ങളുടെ കാരണം പറഞ്ഞുകൊണ്ടു കാലസ് തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകയാണെന്നും, ഒബ്റെഗോൺ ഒഴികെയുള്ള എതിർസ്ഥാനാർത്ഥികളെല്ലാം ഇതിനിടകൊണ്ടു നിഗ്രഹിക്കപ്പെട്ടിട്ടുണ്ടെന്നും കാണുന്നു.

മംഗലാപുരം രൂപതയുടെ പുതിയ മെത്രാനായി മൊൺസിഞ്ഞോർ വലേരിയൻ ഡിസൂസാ അവർകളെ അവിടത്തെ കത്തീഡ്രൽ പള്ളിയിൽവച്ചു ഏപ്രിൽ 15-ാംനു- അഭിഷേകം ചെയ്തിരിക്കുന്നു. വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തായും കോഴിക്കോടു, തൃശ്ശൂർ, തിരുച്ചിനാപ്പള്ളി, തൂത്തുക്കുടി എന്നീ രൂപതകളുടെ മെത്രാന്മാരും ഒട്ടധികം വൈദികരും മററു ജനങ്ങളും ഈ മംഗളകർമ്മത്തിൽ സംബന്ധിച്ചിരുന്നു. പെരീനി മെത്രാനച്ചൻതിരുമനസ്സുകൊണ്ടാണ് അഭിഷേകകർമ്മം നടത്തിയതു.

1922-ൽ മാൾട്ടാദ്വീപു തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചതിനെ പ്രതിവത്സരം പുതുപ്പിക്കുന്നതിലേക്ക അവിടത്തെ പാർലമെൻറിൽ ഒരു നിശ്ചയം പാസ്സാക്കിയിരിക്കുന്നു.

## മനോഗുണ വിവരങ്ങൾ.

ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് ഒരു രൂപാ മുമ്പോടു അപേക്ഷിക്കണം.

പല വൈദ്യന്മാരുടെ ചികിത്സകൾകൊണ്ടും ഭേദമാകാതിരുന്ന എൻെറ സുഖക്കേടു ഉണ്ണി ഈശോയുടെ അനുഗ്രഹത്താലും വിശുദ്ധ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാലും ഒരു വിധം സുഖമായതിനു ഉപകാരസ്മരണ.

പി. വ. ക്ലോറി, പൊന്മന,

കൊല്ലപ്പള്ളി വി. അന്തോനീസിൻെറ സഹായത്താൽ ഞങ്ങളുടെ കച്ചവടകാര്യത്തിലുണ്ടായിരുന്ന കുഴപ്പങ്ങൾ തീന്നതിനും കടനാട്ട ദേവസ്യാനോസ്സ് സഹദായുടേയും കാലംചെയ്ത കുഴ്ചാലശ്ശേരി മെത്രാനച്ചൻെറയും മാദ്ധ്യസ്ഥത്താൽ ഉദ്ദേശിച്ച കാര്യം സാധിച്ചതിനും

കെ. ഐ. ഉട്ടിയവിരാ. കൊല്ലപ്പള്ളി.

കർമ്മലമാതാവിൻെറയും വിശുദ്ധ റീത്താപുണ്യവതിയുടേയും സഹായത്താൽ ഒരു പ്രത്യേകകാര്യം സാധിച്ചതിനു.

മദർ, സുപ്പീരിയർ മണലൂർ മഠം.

ഈശോയുടെ തിരുഹൃദയത്തിൻെറ അനുഗ്രഹത്താലും വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു.

വയലിൽ അപ്പി. ചെറുപള്ളി.

എൻെറ അപ്പൻെറ സുഖക്കേടു ഭേദമായതിനും ചില ഉദ്ദിഷ്ട കാര്യങ്ങൾ സാധിച്ചതിനും ഉപകാരസ്മരണ.

പി. പി. കുഞ്ഞഞ്ഞി. മണലൂർ.

കർമ്മലനാഥയുടെ സഹായത്താൽ എൻെറ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി. പി മേറി. ട്രയിനിംഗ് സ്കൂൾ,
കോഴിക്കോട്ട്.

എൻെറ കുടുംബത്തിലെ ഒരംഗത്തിനു സുഖക്കേട ബാധിച്ചിട്ടു മൂന്നുനാലുമാസമായി. രോഗിയുടെ സുഖസിദ്ധിക്കായി വി. കൊച്ചുത്രേസ്യായോടു കുസുമം വായനക്കാർ പ്രാർത്ഥിപ്പാനപേക്ഷ.

എം. പി.

വി. യൌസേപ്പുപിതാവിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ആത്മശരീരസംബന്ധമായി ഞങ്ങൾ അപേക്ഷിച്ച നന്മകൾ ലഭിച്ചതിന് ഉപകാരസ്മരണ.

മുണ്ടാങ്കൽ കന്യകാമഠം.

---

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമ വായനക്കാർ പ്രാർത്ഥിപ്പാറാകണം.

മണപ്പുറം 430-ാം നമ്പർ കേ. സി. സി. ഏ. സംഘത്തിലെ ഒരംഗമായിരുന്ന കോളതറെ ശൌരി ഉലഹന്നാൻ എന്ന ബാലൻ മാർച്ചുമാസം 13-ാം തീയതി.

മുളക്കളം ഇടവക വെളിയത്തുമാലി റോസമ്മ മാർച്ച 25-ാംതീയതി 39 വയസ്സു.

ഒല്ലൂർ ഇടവക മേച്ചേരിൽ. ക. നി. മു. സ. ബ. യൌസേപ്പച്ചൻെറ മാതാവു ത്രേസ്യാമ്മ മർച്ച് 31-ാം തീയതി 85 വയസ്സ്.

കമുകിൻകോട്ട ഇടവക മറിയാമ്മ ഏപ്രിൽ 18-ാം തീയതി 72 വയസ്സു.

ചങ്ങനാശേരി 85-ാം നമ്പർ കേ. സി. സി. ഏ. സംഘത്തിലെ ഒരംഗമായ കെ. എസ്സ്. ബനദിക്തോസ് എന്നബാലൻ ഏപ്രിൽ 19-ാം തീയതി.

മോനിപ്പള്ളിയിൽ നിന്നും വരാപ്പുഴ പള്ളിയിടവകയിൽ താമസിക്കും തെരുവത്തുവീട്ടിൽ യോഹന്നാൻ ലൂക്കോസു ഏപ്രിൽ 19-ാം തീയതി.

# പഞ്ചാംഗം.

എപ്പകത്തി ഛവ്വ. ഞായറാഴ്ച അക്ഷരം .൨.൧

.൫൨

## ൧൯൨൮ മേയ് – ൧൧൦൩ മേടം – ഇടവം.

| | | | | |
|---|---|---|---|---|
| 1 | 19 | ചൊ | (†) ശ്ലീ. ഫിലിപ്പോസും യാക്കോബും ന. കു. പെ. | ച്യ. |
| 2 | 20 | ബു | അ. മെ൱ അത്താനാസിയോസ് ന. ആ. ക. പെ. | വെ. |
| 3 | 21 | വ്യാ | മാർസ്ലീവായുടെ കണ്ടെത്തിപ്പ് ന. ആ. കു. പെ. | ച്യ. |
| ⓟ 4 | 22 | വെ | വിധ. മോനിക്കാ ന. ആ. കു. പെ. ... | വെ. |
| | | | കൈപ്പുഴപ്പള്ളിയിൽ വി. ഗീവറുഗീസു സഹ: തിരുനാൾ. | |
| 5 | 23 | ശ | ✳ പാ. അഞ്ചാം പീയോസ് ന. ആ. കു. പെ. | വെ. |
| 6 | 24 | ഞാ | ✠ ഉ. ൪-ാം ഞാ ന. കു. ആ. ൭൩ :൩ :൨ | വെ. |
| 7 | 25 | തി | അ. വേ. സ്റ്റനിസ്ലാവോസ് ന. ആ കു. പെ. | ച്യ. |
| 8 | 26 | ചൊ | മിഖായേൽ മാലാഖാ പ്രത്യക്ഷം ന. ആ. കു. പെ. | വെ. |
| | | | വേലൂർപ്പള്ളിയിൽ വി. ശവരിയാരുപുണ്യവാൻെറ തിരുനാൾ. | |
| 9 | 27 | ബു | അ. മെ൱മ ഗ്രിഗോരി ന. ആ. കു. പെ. ... | വെ. |
| 10 | 28 | വ്യാ | വേ. ഗോർദിയാനോസും കൂട്ടരും ന. ആ. കു. പെ. | ച്യ. |
| | | | ✳ മ൱. അന്തോനീനി. | വെ. |
| 11 | 29 | വെ | ✳ പാ. മെ൱. ലെയോൻ ഏപ്രിൽ ൧൧ ന. ആ. കു. പെ. | വെ. |
| 12 | 30 | ശ | വേ. നേറൊസും കൂട്ടരും ന. ആ. കു. പെ. ... | ച്യ. |
| 13 | 31 | ഞാ | ✠ ന. ക. ഉ. ൫-ാം ഞാ. ന. ക. ആ. ൭൦ :൦ :൩ | വെ. |
| | | | ☞ അടുത്ത വ്യാഴം കടം. | |
| 14 | 1 | തി | ലുത്തനിയാ ന. കു. ആ. ... ... | ഠോ. |
| 15 | 2 | ചൊ | ലുത്തനിയാ ന. ആ. കു. ഇന്നലത്തേത് ... | ഠോ. |
| 16 | 3 | ബു | ലുത്തനിയാ ന. ആ. കു. തലേനാളിൻെറ | ഠോ. |
| 17 | 4 | വ്യാ | ✠ ന. ക. സ്വർഗ്ഗാരോഹണം ന. കു. പെ. | വെ. |
| 18 | 5 | വെ | ✳ വേ. ബെനാന്തീസ് ന. ആ. കു. പെ. ... | ച്യ. |
| ● 19 | 6 | ശ | ക. പുതെന്തിയാനാ ന. ആ. കു. പെ. ... | വെ. |
| | | | ✳ പ. മെ൱. സെലസ്റ്റിനോ. ന. ആ. കു. പെ. | വെ. |
| 20 | 7 | ഞാ | ✠ ന. ക. ഉ. ൬-ാം ഞാ. ന. കു. ആ. ൭൨ :൧ :൨ | വെ. |
| 21 | 8 | തി | ✳ രാ. വേ. ഹെർമ്മാനേജിൽദ് ഏപ്രിൽ ൧൩ | ച്യ. |
| 22 | 9 | ചൊ | വേ. തീബുത്തിയോസും കൂട്ട. ഏപ്രിൽ ൧൪ ന. ആ. കു. പെ. | ച്യ. |
| 23 | 10 | ബു | പാ. വേ. സോത്തേരും കൂട്ട. ഏപ്രി. ൨൨ ന. ആ. കു. പെ. | ച്യ. |
| 24 | 11 | വ്യാ | ✳ ക. മ. ഉദ്റാൻ മ്ശിഹായെ ന. ആ. കു. പെ. | വെ. |
| 25 | 12 | വെ | പ. വേ. ഉർവാനോസ് ന. ആ. കു. പെ. ... | ച്യ. |
| | | | ✳ പാ. മെ൱ ൧-ാം ഗ്രിഗോരി ന. ആ. കു. പെ. | വെ. |
| 26 | 13 | ശ | പന്തക്കുസ്താ തലെ ന. ആ. കു. തലെ ... | ച്യ. |
| 27 | 14 | ഞാ | ✠ പന്തക്കുസ്ത ന. കു. പെ. ൧൧൪൭ ൭൩ :൨ :൩ | ച്യ. |
| | | | ☞ അ: ബു: ഇ:വി: (൧൧൪൭) അത്യവെള്ളി അടുത്തത്. | |
| 28 | 15 | തി | (†) പന്ത. എം. ന. കു. എം. ... ... | ച്യ. |
| 29 | 16 | ചൊ | (†) പന്ത. എം. ന. കു. എം. ... ... | ച്യ. |
| 30 | 17 | ബു | (†) പന്ത. എം. ന. കു. എം. പട്ടം ഇവി. ... | ച്യ. |
| 31 | 18 | വ്യാ | പന്ത. എം. ന. കു. എം. ... ... | ച്യ. |
| | | | എങ്ങണ്ടിയൂർപള്ളിയിൽ പ. മാതാവിൻെറ തിരുനാൾ. | |

---

Printed aad Published for the proprietor by P. K. Joseph at the
St. Joseph's Press, Mannanam. 1928.